മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 41 | THE ONLINE OFFICIAL NEWS BULLETIN | 2021 September 25

SEASON OF CROSS — സ്ലീബാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
26 ♪2 2nd Sunday after the Feast of Holy Cross	27 ♪6	28 ♪2  24th Mem. of Philipose Mar Theophilos ✠ (Aluva Thrikkunnathu Seminary)	29 ♪6	30 ♪2	1 ♪6  Comme. of evangelist's St. Adai, St. Abhai the Martyr, Mar Malke	2 ♪2  135th Mem. of Karottuveettil Shemavon Mar Dionysius ✠ (Kadungamangalam)



ഗുരു കൃപയിൽ നിയുക്ത ബാവ

കോട്ടയം: മലങ്കര സഭയുടെ നിയുക്ത കാതോലിക്കാ ബാവ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്ത ഗുരുക്കന്മാരുടെ ഗുരുവായ സഭാരത്നം ഡോ. റ്റി. ജെ. ജോഷ്വാച്ചനെ ഭവനത്തിൽ സന്ദർശിച്ച് ആശീർവാദം സ്വീകരിച്ചു. 2021 സെപ്തബർ 19-ന് ഞായറാഴ്ച ഉച്ചക്ക് 1.45-നായിരുന്നു സന്ദർശനം.

ഗുരുവിന്റെ കാല്പാദത്തിൽ നമസ്ക്കരിച്ച നിയുക്ത കാതോലിക്കായെ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ തലയ്ക്ക് കൈ വെച്ച് അനുഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ശിഷ്യന് പോക്കറ്റ് വാച്ചും പേനയും സമ്മാനമായി നൽകി. ഗുരുവിന് ശിഷ്യനും ഉപഹാരം നൽകി.

ഫാ. ഡോ. റ്റി. ജെ. ജോഷ്വാച്ചന്റെ കുടുംബത്തിൽ എത്തിയ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്തായെ ഡോ. ജോളി മാത്യു, ഡോ. രേണു ജോളി എന്നിവർ ചേർന്നു സ്വീകരിച്ചു.

വേദശാസ്ത്രം, സഭാചരിത്രം, സഭാ ഭരണഘടന, കാനോൻ നിയമം എന്നിവയിൽ അതീവ ജ്ഞാനം നേടിയ ശിഷ്യന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ ഡോ. റ്റി. ജെ. ജോഷ്വാ അച്ചൻ സംതൃപ്തി രേഖപ്പെടുത്തി. ഏൽക്കുന്ന ചുമതലകൾ ഏറ്റവും വിശ്വസ്തയോടും കൃത്യനിഷ്ഠയോടും ആസൂത്രിതമായി നിർവ്വഹിക്കുന്നു എന്നുള്ളത് സേവേറിയോസ് തിരുമേനിയുടെ സവിശേഷതയാണെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് കാതോലിക്കാമാരുടെ ഗുരുവാകുവാൻ കഴിയുന്നത് അപൂർവ്വഭാഗ്യവും ദൈവകൃപയുമാണെന്ന് അച്ചൻ കൂട്ടിച്ചേർത്തു.

ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ, ഫാ. മോഹൻ ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു. ഗുരുവിനൊപ്പം ഉച്ചഭക്ഷണവും കഴിച്ചിട്ടാണ് നിയുക്ത ബാവ മടങ്ങിപ്പോയത്.



ഗോവ ഗവർണ്ണർക്ക് അഭിനന്ദനങ്ങളും ആദരവുകളും അർപ്പിച്ചു

ഗോവ: അൽവാറീസ് മാർ യൂലിയോസിന്റെ 98-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് ഗോവ പഞ്ചിം സെന്റ് മേരീസ് പള്ളിയിലെത്തിയ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ എന്നിവർ ഗോവ ഗവർണ്ണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ളയെ ഗവർണ്ണറുടെ ഔദ്യോഗിക വസതിയായ രാജ്ഭവനിലെത്തി സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമായി അടുത്ത സ്നേഹബന്ധം പുലർത്തുന്ന അദ്ദേഹത്തിന് ,മലങ്കര ഓർത്തഡോക്സ് സുറിയാനി സഭക്കുവേണ്ടി മെത്രാപ്പോലീത്താമാർ അഭിനന്ദനങ്ങളും ആദരവുകളും അർപ്പിച്ചു. രാജ്ഭവൻ കോമ്പൗണ്ടിലെ ചാപ്പലും മെത്രാപ്പോലീത്താമാർ സന്ദർശിച്ചു. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെക്കുറിച്ചുള്ള ഓർമ്മകൾ അദ്ദേഹം തീരുമേനിമാരുമായി പങ്കുവെച്ചു. മലങ്കരസഭ നൽകിയ സ്നേഹാദരവുകൾക്ക് ഗവർണ്ണർ നന്ദി അറിയിച്ചു.

ഹൈക്കോടതി വിധി സ്വാഗതാർഹം

കോട്ടയം: സുപ്രീം കോടതി അന്തിമ വിധി കല്പിച്ചിട്ടുള്ള സഭാ കേസുകളിൽ കോടതി ഉത്തരവുകൾ നടപ്പാക്കാൻ കാലതാമസം വരുത്തുന്നതിനെ വിമർശിച്ചുകൊണ്ട് കേരളാ ഹൈകോടതിയിൽ നിന്നുണ്ടായ പരാമർശങ്ങൾ സംസ്ഥാന സർക്കാരിന്റെ കണ്ണ് തുറപ്പിക്കുമെന്നും കോടതി പരാമർശത്തെ സ്വാഗതം ചെയ്യുന്നതായും മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസ്താവിച്ചു. സുപ്രീം കോടതി വിധി രാജ്യത്തിന്റെ നിയമമാണ്. രാജ്യത്തിന്റെ നിയമങ്ങൾ നടപ്പിലാക്കാൻ സർക്കാരുകൾക്ക് ഭരണഘടനാപരമായ ബാധ്യതയുണ്ട്. ക്രമസമാധാനത്തിന്റെ പേരിൽ കോടതി ഉത്തരവുകൾ നടപ്പാക്കാതെ ഇരുന്നാൽ അത് ജുഡീഷ്യറിയോടുള്ള വെല്ലുവിളിയായേ കരുതാനാവൂ. വിധി നടപ്പാക്കാൻ താമസിപ്പിക്കുമ്പോൾ ആണ് ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്നത്. നീതി നിഷേധത്തിന് സംസ്ഥാന സർക്കാർ കൂട്ടുനിൽക്കില്ല എന്നു കരുതുന്നുവെന്നും അദ്ദേഹം പറഞ്ഞു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

സഭാചരിത്രം

ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനും

ഡോ. ഗീവർഗ്ഗീസ് യൂലിയോസ്സ് മെത്രാപ്പോലീത്താ





മലങ്കരസഭാചരിത്രത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ ചിരപ്രതിഷ്ഠിതരായ രണ്ട് പിതാക്കന്മാരാണല്ലോ ‘പുലിക്കോട്ടിൽ വലിയ തിരുമേനി’യും ‘ചാത്തുരുത്തിൽ കൊച്ചുതിരുമേനി’യും. മുപ്പതിലധികം വർഷം ഇവർ ഒരേ ആത്മാവിൽ തോളോടുതോൾ ചേർന്ന് ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി മലങ്കരസഭയ്ക്ക് ഉണ്ടായ നേട്ടങ്ങൾ അത്ഭുതാവഹമാണ്. ഉദാത്തമായ ഈ ഗുരു-ശിഷ്യ ബന്ധത്തെക്കുറിച്ച് ചരിത്രത്തിൽ നിന്നും ലഭ്യമാകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഒരു ലഘു പഠനം നടത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ആശാൻ പള്ളിക്കൂടത്തിലെ അക്ഷര കളരിയിലൊ, മല്പാൻ പാഠശാലയിലെ പരിശീലനത്തിലൊ ഈ പിതാക്കന്മാർ ഗുരുവും ശിഷ്യനും ആയിരുന്നില്ല! രണ്ടു പേരും അക്കാലത്ത് സ്വായത്തമാക്കാവുന്ന വിദ്യാഭ്യാസം ഭംഗിയായി നിർവ്വഹിച്ച് കർമ്മ മണ്ഡലങ്ങളിലേയ്ക്ക് പ്രവേശിച്ചതിനുശേഷം മാത്രമെ പരസ്പരം കണ്ടുമുട്ടുന്നുള്ളൂ. എന്നാൽ കർമ്മമണ്ഡലത്തിലെ നിയോഗങ്ങളാണ് അവരെ ഗുരുശിഷ്യന്മാരാക്കിയത്.

1833-ൽ ഭൂജാതം ചെയ്ത പുലിക്കോട്ടിൽ തിരുമേനിയും 1848-ൽ ജനിച്ച പ. പരുമല തിരുമേനിയും തമ്മിൽ പതിന്നാല് വർഷത്തിന്റെ പ്രായവ്യത്യാസമേയുള്ളൂ. ബാല്യത്തിൽ തന്നെ രണ്ടുപേരും പഠനശിബിരം ഭംഗിയായി പൂർത്തിയാക്കി ദൈവനിയോഗത്താൽ പ്രവർത്തനങ്ങൾ ആരംഭിച്ചവരാണ്. മുപ്പത്തിരണ്ടാം വയസ്സിൽ ഒരു നിയോഗംപോലെ മലങ്കര മെത്രാപ്പോലീത്തായായി സേവനം തുടങ്ങുമ്പോൾ (1865) പുലിക്കോട്ടിൽ തിരുമേനിയുടെ മുന്നിൽ ദൈവം നിയോഗിച്ച കർത്തവ്യങ്ങൾ ഏറെയായിരുന്നു. അന്ന് പരുമലതിരുമേനി മുളന്തുരുത്തിയിലെ പതിനെട്ടു വയസ്സുകാരനായ തപോതേജ്വസിയായ കൊച്ചച്ചൻ! എന്നാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയെന്ന് വ്യക്തമല്ലെങ്കിലും 1870-ലെങ്കിലും അത് നടന്നിട്ടുണ്ടാകണം.

പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പരിശുദ്ധാത്മ പ്രേരിതരായ പൂർവ്വപിതാക്കന്മാരാൽ നട്ടുനനക്കപ്പെട്ട് വളർത്തപ്പെട്ടതുമായ മലങ്കരസഭയിലെ സത്യവിശ്വാസത്തെയും തനിമയെയും എന്തു വിലകൊടുത്തും നിലനിർത്തേണ്ടതും കാലികമായി വളർത്തി അടുത്ത തലമുറയിലേക്ക് വർദ്ധിപ്പിച്ചു കൊടുക്കേണ്ടതും ദൈവം തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള വലിയ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കി അതിനായി ഒന്നിച്ചുവെന്നതാണ് ഈ പിതാക്കന്മാരുടെ മഹത്വം. ‘നവീകരണം’ എന്ന ഓമനപ്പേരിൽ സത്യവിശ്വാസധ്വംസനവും അധികാരദുർവിനിയോഗവും നടക്കുന്നതിനെതിരെയാണ് ഇവർ കൈകോർത്ത് പടപൊരുതുവാൻ ഇറങ്ങിയത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മിഷനറിമാരുമായുള്ള നല്ല ബന്ധത്തിൽ ഇദംപ്രഥമമായി ഒരു മലയാള പരിഭാഷ വി. വേദപുസ്തകത്തിന് (1811) ഉണ്ടാവുകയും ക്രമീകൃതമായ വൈദിക - അത്മായ പഠന പദ്ധതികൾക്കായി കോട്ടയം കോളജ് (പഴയസെമിനാരി) പ്രവർത്തനക്ഷമമാക്കുകയും (1815) ചെയ്തതോടെ ആരംഭിച്ച നവോത്ഥാനത്തിന് നേതൃത്വം നൽകിയ ‘സഭാജ്യോതിസ്സ്’ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി, കായംകുളം പീലിപ്പോസ് റമ്പാച്ചൻ തുടങ്ങിയ ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുന്നതിനു പകരം മലങ്കരയുടെ സത്യത്തെയും സ്വാതന്ത്ര്യത്തെയും വിദേശ നുകങ്ങളിൽ അടിമപ്പെടുത്തി വില കുറഞ്ഞ സ്ഥാനമാനങ്ങൾ സ്വീകരിച്ച് ‘പഞ്ചകല്യാണി’ പുറത്തു വിലസുന്ന ഒരു ‘നവീകരണ’ പ്രസ്ഥാനത്തിലേക്ക് സഭയെ തരംതാഴ്ത്തി ദിശാബോധം തെറ്റിക്കുന്ന ദയനീയ അവസ്ഥയിലാണ് ശക്തനായ പാലക്കുന്നത്തു മെത്രാച്ചനെന്ന ഗോല്യാത്തിനു മുന്നിൽ ദൈവജനത്തിനുവേണ്ടി പടനയിക്കുവാൻ ചെറുബാലനായ പുലിക്കോട്ടിൽ മെത്രാച്ചനെ ദൈവം നിയോഗിക്കുന്നത്. ആ പടക്കളത്തിൽ ദാവീദിനു കൂട്ടുനിൽക്കുവാൻ ഒരുക്കപ്പെട്ട നാഥാനായി (= ദൈവത്തിന്റെ ദാനം) പ. പരുമല തിരുമേനി ആരംഭിക്കുന്നു!

പടയൊരുക്കത്തിന്റെ ഭാഗമായും തന്റെ ആത്മീയ മക്കളെ കാണുവാനായും മുളന്തുരുത്തിയിലെത്തിയപ്പോഴാകാം ഇവർ തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച! ബാല്യത്തിൽ തന്നെ പൂർണ്ണമായും ദൈവികവേലയ്ക്കായി സമർപ്പിക്കപ്പെടുകയും മുളന്തുരുത്തി മാർതൊമ്മൻ പള്ളിയുടെ ആത്മീയ അന്തരീക്ഷത്തിൽ, പിതൃസഹോദരൻ ഗീവർഗ്ഗീസ്സ് മല്പാനച്ചന്റെയും പണ്ഡിതനും ആരാധനാ വിദഗ്ദനുമായ യൂയാക്കീം മാർ കൂറിലോസിന്റെയും ശിക്ഷണത്തിൽ പ്രാവീണ്യം നേടി വൈദികനും, കോറെപ്പിസ്കോപ്പായും ശ്രേഷ്ഠ മാതൃകാ പുരുഷനുമായി മുളന്തുരുത്തി പള്ളി വികാരിയും മല്പാൻ പാഠശാലയിലെ അദ്ധ്യാപകനുമായി പ്രവർത്തിക്കുന്ന അവസ്ഥയിലാണ് ആദ്യ സംഗമം.

കരുത്തുറ്റ ശിഷ്യനെ തേടി നടക്കുന്ന ഗുരുവിന്റെ കണ്ണുകളും കർമ്മ മണ്ഡലത്തിലേക്ക് കുതിക്കുവാനായി ദൈവനിയോഗം ലഭിച്ച് നിറഞ്ഞു നിൽക്കുന്ന ശിഷ്യന്റെ കണ്ണുകളും ആ ആദ്യകാഴ്ചയിൽ തന്നെ മലങ്കരയുടെ ഭാവിയെക്കുറിച്ച് ഒന്നിച്ച് ദർശനങ്ങൾ കണ്ടു. ഗുരുവിന്റെ ആത്മാവിനെ ദൈവാത്മാവിൽ അറിയുകയും അവിടുത്തെ ഭാവനകളെയും ആശയങ്ങളെയും പ്രപഞ്ചനന്മയ്ക്കായി പ്രാവർത്തികമാക്കുകയും ചെയ്യുന്നവനാണ് ശിഷ്യൻ. മഹാഭാരതത്തിൽ അർജ്ജുനനേത്രങ്ങളിൽ ഭീഷ്മാചാര്യർ കണ്ട തിളക്കം, ജോഷ്വായിൽ മോശ കണ്ട പ്രതീക്ഷ ചാത്തുരുത്തിൽ കോറെപ്പിസ്ക്കോപ്പായിൽ പുലിക്കോട്ടിൽ മെത്രാച്ചൻ കണ്ടു! ശിഷ്യനിലെ ആത്മികശക്തി തിരിച്ചറിഞ്ഞ ഗുരു വലിയ കാര്യങ്ങളിലേക്ക് ശിഷ്യനെ വിളിച്ച് ഉപാസിക്കുന്നതോടെയാണ് മലങ്കരയുടെ മഹാപരിശുദ്ധന്റെ ചരിത്രോദയം ആരംഭിക്കുന്നത്. മലങ്കരയിലെ അന്ധകാരത്തെ ഉച്ചാടനം ചെയ്ത് ആത്മീയ ചൈതന്യത്തിലേക്ക് അതിനെ നയിക്കുവാൻ കഴിവുള്ള ശിഷ്യനെയാണ് ദൈവം തന്റെ മുന്നിൽ ഒരുക്കി നിർത്തിയിരിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ ഗുരു എന്നും ശിഷ്യനെ ആദരിക്കുകയും ശിഷ്യന്റെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവനായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു.

മുളന്തുരുത്തി പള്ളിയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല; പ്രത്യുത മലങ്കരയാകമാനം നിറയേണ്ടതാണ് ശിഷ്യനിലെ ചൈതന്യം എന്ന് മനസ്സിലാക്കിയ ഗുരു മലങ്കരസഭയുടെ സംഘടിത ആശ്രമപ്രസ്ഥാനം എന്ന ആശയം ശിഷ്യനിലൂടെ ആരംഭിക്കുന്നു; കോറെപ്പിസ്ക്കോപ്പായെ ഗുരുതന്നെ പൂർണ്ണാശ്രമത്തിന്റെ വസ്ത്രങ്ങളും വ്രതവും നൽകി റമ്പാച്ചനായി ഉപാസിക്കുന്നു! അവിടെയാണ് മലങ്കരയുടെ കെടാവിളക്കായ വെട്ടിക്കൽ ദയറായുടെ ആരംഭം. നിഷ്ഠയോടെയുള്ള യാമപ്രാർത്ഥനകളാലും കൂദാശാനുഷ്ഠാനങ്ങളാലും പെരുന്നാളാചരണങ്ങളാലും വിശ്വാസികൾക്ക് സ്വർഗ്ഗീയ അനുഭവവും സാന്ത്വനവും നൽകുന്ന, പ്രകൃതിയെ അനുഗ്രഹിക്കുന്ന ആദ്ധ്യാത്മികകേന്ദ്രമായി ചാത്തുരുത്തിൽ റമ്പാച്ചൻ ദയറായെ വളർത്തി. അനേകം യുവാക്കൾ റമ്പാച്ചനോടൊപ്പം ചേർന്ന് വൈദിക അഭ്യസനം നടത്തി. സഭാ ഭരണത്തിന്റെ തിരക്കുകൾക്കിട

യിൽ പുലിക്കോട്ടിൽ വലിയ മെത്രാച്ചൻ ആത്മിക ഊർജ്ജം ലഭിക്കുന്നതിനും ദയറായുടെ വളർച്ച കണ്ട് ദൈവത്തെ സ്തുതിക്കുന്നതിനും പലപ്പോഴും അവിടെ എത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൈത്താങ്ങലും നൽകുകയും ചെയ്യുമായിരുന്നുവെന്ന് *കണ്ടനാട് ഗ്രന്ഥവരി* സാക്ഷിക്കുന്നു.

പിന്നീട് സഭയുടെ തെക്കൻ ഭാഗങ്ങളിൽ ഒരു ആത്മീയ കേന്ദ്രം ഉണ്ടാകണമെന്ന് പ്രാർത്ഥിച്ച് അതിനായി പരിശ്രമിച്ച ഗുരുവിന് പരുമലയിൽ സ്ഥലം ലഭിച്ചപ്പോൾ അവിടെ ഒരു സെമിനാരി പണിത് (അഴിപ്പുര) പ്രിയ ശിഷ്യനും മല്പാനുമായ ചാത്തുരുത്തിൽ റമ്പാച്ചന് അവിടെ ചുമതല നൽകി. തന്റെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും കളരിയായിതീർന്ന പരുമല ഇന്ന് ലോക തീർത്ഥാടനകേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനം പ്രാപിച്ചത് ആ മഹാ പരിശുദ്ധന്റെ കബറിടത്തിൽ നിന്നും ആത്മികശക്തി ഒഴുക്കുന്നു; ഈ രണ്ട് സ്ഥലങ്ങളിൽ നിന്നും ഒഴുകുന്ന വിശുദ്ധിയുടെ പരിമളം ഇന്നും സഭയുടെ വലിയ ആത്മിക സ്രോതസ്സായി വിളങ്ങുന്നു.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കരയിലേക്ക് എഴുന്നള്ളിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ വലിയ തിരുമേനി തെരഞ്ഞെടുത്ത് നിയോഗിച്ചത് ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാച്ചനെയായിരുന്നു. അങ്ങിനെ മുളന്തുരുത്തി സുന്നഹദോസിന്റെയും പ. ബാവായുടെ മറ്റെല്ലാ സന്ദർശന പരിപാടികളുടെയും സംഘാടക സമിതിയിൽ വലിയ തിരുമേനിയുടെ ആജ്ഞാനുവർത്തിയായും പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമൊക്കെയായി സുറിയാനി-ഇംഗ്ലീഷ് ഭാഷകളിൽ നൈപുണ്യം ഉണ്ടായിരുന്ന റമ്പാച്ചൻ ശ്രേഷ്ഠമായി പ്രവർത്തിച്ചു. പത്രോസ് പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കരയുടെ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി കൊടുക്കുന്നതിനോടൊപ്പം തന്നെ ബാവായുടെ മനസ്സു മുഴുവൻ അറിഞ്ഞ് അതിലെ നല്ല കാര്യങ്ങളെക്കുറിച്ച് വലിയ തിരുമേനിയെ അറിയിക്കുകയും എന്നാൽ അപകട മേഖലകളെക്കുറിച്ച് മുൻകൂട്ടി അറിയിച്ച് വേണ്ടതു ചെയ്യുവാൻ വലിയ തിരുമേനിയെ സഹായിക്കുകയും ചെയ്യുന്നതിൽ റമ്പാച്ചൻ വിജയിച്ചു. പ. പത്രോസ് തൃതീയൻ ബാവാ, ചാത്തുരുത്തിൽ റമ്പാച്ചനെ വലിയതിരുമേനിയുടെ ആഗ്രഹപ്രകാരവും സമ്മതപ്രകാരവും അല്ല മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയത്. എങ്കിലും അദ്ദേഹത്തെയും പുതുതായി വാഴിക്കപ്പെട്ട മറ്റ് അഞ്ചു മെത്രാന്മാരെയും ശത്രുതാ മനോഭാവത്തോടെ പുലിക്കോട്ടിൽ തിരുമേനി കാണുന്നില്ല. ഏക മലങ്കര മെത്രാപ്പോലീത്താ സംവിധാനത്തിൽ നിന്നും ഏഴു മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസ് സംവിധാനത്തിലേക്ക് സഭാനേതൃത്വം വളർന്നപ്പോൾ ഗുരുവായ വലിയതിരുമേനി മലങ്കര മെത്രാപ്പോലീത്തായും തദ്വാര അസ്സോസിയേഷൻ പ്രസിഡന്റും മലങ്കരയുടെ ആത്മീയ അദ്ധ്യക്ഷനുമായി നിലനിൽക്കേണ്ടത് സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ശിഷ്യൻ സഹമെത്രാപ്പോലീത്തന്മാരെ ആയതിലേക്ക് ബോധവൽക്കരിക്കുകയും വെട്ടിക്കൽ ദയറായിൽ കൂടി പ്രാർത്ഥനാപൂർവ്വം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഗുരുദർശനങ്ങൾ അതീന്ദ്രിയ ജ്ഞാനത്താൽ അറിഞ്ഞ് അവ നടപ്പിൽ വരുത്തുന്നവനാണ് ഉത്തമ ശിഷ്യൻ എന്ന് ഭാരതീയ 'ഉപനിഷദ്' പാരമ്പര്യം പഠിപ്പിക്കുന്നു. പുലിക്കോട്ടിൽ വലിയ തിരുമേനിയുടെ ദർശനങ്ങളെ ശിരസ്സാ വഹിച്ച് അവയെ കർമ്മ കാണ്ഡത്തിലേക്ക് നയിക്കുന്ന കൊച്ചുതിരുമേനിയെയാണ് തുടർന്ന് മലങ്കരസഭ ദർശിക്കുന്നത്.

സഭയുടെയും സമൂഹത്തിന്റെയും ഉദ്ധാരണവും ഉന്നമനവും ക്രമീകൃത വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉണ്ടാകൂ എന്ന ബോധ്യത്തിൽ തന്റെ ശ്രേഷ്ഠ പിതാമഹൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി (പഴയ സെമിനാരി സ്ഥാപകൻ) തുടങ്ങിവെച്ചിരുന്ന സാക്ഷരതായജ്ഞത്തെ പുലിക്കോട്ടിൽ രണ്ടാമൻ ജനകീയമാക്കുകയും കേരളമാകെ വ്യാപിപ്പിക്കുകയും ചെയ്തത് പ. പരുമല കൊച്ചു തിരുമേനിയുടെ ശക്തമായ പിൻതുണയോടെയായിരുന്നു. എല്ലാ പള്ളികളിലും പള്ളികൂടങ്ങൾ വേണമെന്നും ഉന്നത പഠനത്തിനായി കൂടുതൽ സെമിനാരികൾ വേണമെന്നും ചിന്തിച്ച് ആ ഗുരുവും ശിഷ്യനും അഹോരാത്രം പ്രയത്നിച്ചു വന്നതിന് അനേകം തെളിവുകൾ ലഭ്യമാണ്. കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി, തഴക്കര സെമിനാരി, അനേകം വരുന്ന ഇന്നത്തെ സഭാ മാനേജ്മെന്റ് സ്കൂളുകൾ, ഇടവക മാനേജ്മെന്റിൽ തുടരുന്ന അനേകം സ്കൂളുകൾ (കുന്നംകുളം MJD. etc), പിന്നീട് സർക്കാർ ഏറ്റെടുത്ത സ്കൂളുകൾ (Mar Ignatius English Medium Girls High School, Kunnamkulam) ഇവയിൽ ചിലതു മാത്രമാണ്. കേരള നവോത്ഥാനത്തിൽ ഈ സ്കൂളുകളും അവയുടെ അനു



ബന്ധ പ്രസ്ഥാനങ്ങളും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്.

അധഃകൃത സമുദ്ധാരണമായിരുന്നു ഗുരുവിന്റെ മറ്റൊരു സ്വപ്നം. നൂറ്റാണ്ടുകളായി സാമൂഹിക - സാംസ്കാരിക വിവേചനത്തിന് അടിമപ്പെട്ടു കിടന്നിരുന്ന ഈ നാട്ടിന്റെ മക്കളെ ഉദ്ധരിക്കണമെന്നുള്ള ആഗ്രഹവും ആയതിനുള്ള പദ്ധതികളും ഫലപ്രദമായി നടപ്പിൽ വരുത്തിയതും പ്രിയ ശിഷ്യനായ കൊച്ചു തിരുമേനിയാണ്. ഡോ. സാമുവേൽ ചന്ദനപ്പള്ളിയെയും ഫാ. ഡോ. ജോസഫ് ചീരനെയും പോലെയുള്ളവർ അനേകം ചരിത്ര യാഥാർത്ഥ്യങ്ങളിലൂടെ ഇതിന് സാക്ഷ്യം നൽകുന്നുണ്ട്. ഗാന്ധിജിയും വിനോബജിയും അയ്യങ്കാളിയുമൊക്കെ തുടങ്ങുന്നതിനും ദശകങ്ങൾ മുമ്പ് കേരളത്തിലെ അധഃകൃത ഉദ്ധാരണവും വിദ്യാഭ്യാസ വിപ്ലവവും ആരംഭിച്ചത് മലങ്കരസഭയാണെന്നും അതിന് നേതൃത്വം വഹിച്ചത് ഈ ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനുമായിരുന്നുവെന്നും നാം നന്ദിയോടെ ഓർക്കണം.

ശരിയായ വേദശാസ്ത്രബോധവും ആരാധനാ സംവിധാനവുമുള്ള സഭയ്ക്ക് മാത്രമേ സമൂഹത്തിന് ആത്മിക നേതൃത്വം നൽകുവാൻ ശക്തി ലഭിക്കൂ എന്ന് തിരിച്ചറിഞ്ഞ ഗുരു ഇതിനായി അച്ചുകൂടങ്ങൾ സ്ഥാപിക്കുകയും സഹൃദയരെ ആഹ്വാനം ചെയ്യുകയും ചെയ്യുമായിരുന്നു. കോട്ടയം സെമിനാരിയിലെ സെന്റ് തോമസ്സ് അച്ചുകൂടം, മനോരമ അച്ചുകൂടം, കുന്നംകുളത്തെ അക്ഷരപ്രകാശിനി അച്ചുകൂടം (ARP Press), കോനാട്ട് മാർ യൂലിയോസ്സ് അച്ചുകൂടം എന്നിവയുടെയെല്ലാം ആരംഭത്തിൽ ഈ ഗുരു-ശിഷ്യന്മാർക്ക് വലിയ പങ്കുണ്ടായിരുന്നുവെന്ന് കാണുന്നു. ആരാധന പുസ്തകങ്ങൾ, കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങി ഒട്ടനവധി പ്രസിദ്ധീകരണങ്ങളിലൂടെ സഭയുടെ സ്തുതിചൊവ്വാകപ്പെട്ട സത്യവിശ്വാസവും അതിന്റെ കാലികഭാവങ്ങളും ജനത്തെ പഠിപ്പിക്കുവാനും പ്രതിപ്രവർത്തനത്തിലൂടെ ജനതയെ സാമൂഹിക പ്രതിബദ്ധതയിൽ നയിക്കുവാനും അക്കാലത്ത് ഈ പ്രസിദ്ധീകരണങ്ങളിലൂടെ സാധിച്ചിരുന്നുവെന്ന് കാണാം.

മലങ്കരസഭയ്ക്ക് ഭാരതീയവും ആഗോളവുമായ ഭാവം ഉണ്ടാകണമെന്ന് കരുതി ആയതിനായി കൂട്ടായി പ്രവർത്തിക്കുവാനും ഈ ഗുരു ശിഷ്യ ബന്ധത്തിന് കഴിഞ്ഞതിന്റെ ഉത്തമ ഉദാഹരണമാണ് ബ്രഹ്മവാർ സമൂഹവും ശ്രീലങ്കൻ-അമേരിക്കൻ സമൂഹവും. ഗോവൻ കത്തോലിക്കാ സമൂഹത്തിൽ നിന്നും അൽവാറീസ്സ് മാർ യൂലിയോസ്സ് മെത്രാച്ചനും അമേരിക്കയിൽ നിന്നും റെനിവിലാത്തി തീമോത്തിയോസും യഥാക്രമം പഴയ സെമിനാരിയിൽ വച്ചും കൊളമ്പിൽ വച്ചും വാഴിക്കപ്പെട്ടത് ഈ പിതാക്കന്മാരുടെ ദീർഘവീക്ഷണ ഫലമായാണ്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ആദ്യം ശിഷ്യനും പിന്നെ ഗുരുവും കാലയവനികയിൽ മറഞ്ഞതോടെ ഈ മുന്നേറ്റം മലങ്കരയിൽ അവസാനിച്ചുവെന്നത് ഒരു ദുഃഖസത്യമായി തുടരുന്നു.

അതിശ്രേഷ്ഠമായ ഈ ഗുരു-ശിഷ്യ ബന്ധത്തിൽ നിന്നും ഒട്ടനവധി കാര്യങ്ങൾ ഇനിയും ചൂണ്ടിക്കാണിക്കുവാൻ ചരിത്രത്തിനു കഴിയുമെങ്കിലും വിസ്തരഭയത്താൽ ആയതിന് മുതിരുന്നില്ല. എന്നാൽ ഇടവക തലത്തിലുള്ള ഉദ്ധാരണ പ്രവർത്തനങ്ങളിൽ ഈ ഗുരു-ശിഷ്യ ബന്ധം വഹിച്ച പങ്ക് കുന്നംകുളത്തിന്റെയും ആർത്താറ്റ് (പാലൂർ-ചാട്ടുകുളങ്ങര പള്ളി) ഇടവകയുടെയും പശ്ചാത്തലത്തിൽ ചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു.

വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പാലൂർ ദേശത്തെ 'തലപ്പള്ളി' എന്ന് അറിയപ്പെടുന്ന വി. കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള ചാട്ടുകുളങ്ങരപള്ളി എക്കാലത്തും മലങ്കരയുടെ ആസ്ഥാന ദേവാലയങ്ങളിൽ ഒന്നായിരുന്നു. കൊടുങ്ങല്ലൂർ, പൊന്നാനി തുറമുഖങ്ങൾക്കും പട്ടാമ്പി റെയിൽവേ സ്റ്റേഷനും (ബോംബെയിൽ നിന്നും കേരളത്തിലേക്കുള്ള റെയിൽപാത) അടുത്ത് സ്ഥിതിചെയ്യുന്ന ഈ ദേവാലയത്തിൽ മാർതോമ്മാശ്ലീഹാ മുതൽ കാലാകാലങ്ങളിൽ മലങ്കര സന്ദർശിച്ചിട്ടുള്ള എല്ലാ പിതാക്കന്മാരും മലങ്കരയിൽ നിന്നും ഉണ്ടായിട്ടുള്ള പിതാക്കന്മാരുമായി ബന്ധിപ്പിക്കുന്ന അനേകം തെളിവുകൾ ഉണ്ട്. കാലഗതിയിൽ അനേകം തവണ ഈ ദേവാലയം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ടിപ്പു സുൽത്താന്റെ പടയോട്ടത്തിൽ തീവയ്ക്കപ്പെട്ട ശേഷം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാച്ചന്റെ കാലത്ത് (ദീവന്നാസ്യോസ് രണ്ടാമൻ) 1805-ൽ അറ്റകുറ്റപണികൾക്കു ശേഷം ശുദ്ധീകരിക്കപ്പെടുകയും ദൈവകൃപയാൽ മലങ്കരസഭയുടെ ഉരുക്കുകോട്ടയായി ഇന്നും നിലനിൽക്കുകയും ചെയ്യുന്നു.

കൊച്ചുതിരുമേനി 1890-കളിൽ കുന്നംകുളത്ത് എഴുന്നള്ളിയപ്പോൾ വലിയ തിരുമേനിയുടെ മാതൃഇടവകയായ ഈ ദേവാലയത്തിന്റെ ശവക്കോട്ട മതിലുകൾ പൊളിഞ്ഞു കിടക്കുന്ന ദുരവസ്ഥ കാണുകയും ഉടൻ തന്നെ നാലര ഏക്കർ സ്ഥലത്ത് നിറഞ്ഞു നിൽക്കുന്ന ശവക്കോട്ടയും പള്ളിയും പൂർണ്ണമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി പ്രാർത്ഥനാപൂർവ്വം അവിടെ താമസിച്ച് പണി പൂർത്തിയാക്കി കൂദാശ ചെയ്തതായി ആർത്താറ്റ് പള്ളി ചരിത്രത്തിൽ വായിക്കുന്നു. നൂറ്റിഇരുപതു വർഷങ്ങൾക്കു ശേഷം ഇന്നും ഈ മതിൽ യാതൊരു കേടും കൂടാതെ നിൽക്കുന്നു! ഗുരുവായ വലിയതിരുമേനി മലങ്കരസഭയുടെ അതിരുകൾ പണിതുറപ്പിക്കുവാൻ യത്നിച്ച് മലങ്കര മുഴുവൻ നിറഞ്ഞ് പ്രവർത്തിക്കുമ്പോൾ ശിഷ്യൻ ഗുരുപൂജയും ദക്ഷിണയുമായി ഗുരുവിന്റെ മാതൃഇടവകയുടെ കെട്ടുപണി ചെയ്യുന്നു!

ശിഷ്യനിൽ നേതാവിനെയും ഗുരുവിനെയും കണ്ടെത്തി ദീർഘ തപസ്യയിലൂടെ ഊടും പാവും ചേർത്ത് ഉപാസിച്ചെടുത്ത് 'ശിഷ്യാ നീയാണ് ഗുരു' എന്ന് ആത്മ മന്ത്രണം നടത്തി ഗുരുപീഠം ശിഷ്യനു നൽകുന്നവനാണ് യഥാർത്ഥ ഗുരുവെന്ന് ഭാരതീയ ഗുരുപാരമ്പര്യത്തിൽ കാണുന്നു. കേവലം അറുപത്തിയഞ്ചാം വയസ്സിൽ അമ്പതു വയസ്സുകാരനായ ശിഷ്യനിലേക്ക് നേതൃത്വമാറ്റം നടത്തുവാൻ ആലോചിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശിഷ്യൻ നയിക്കട്ടെ എന്ന് ആഗ്രഹിച്ച് 1898-ൽ ഗുരു കമ്മിറ്റി കൂടിയെന്നും എന്നാൽ അധികാരമോഹം അശേഷം ഇല്ലാതിരുന്ന ഉത്തമ ശിഷ്യൻ ഒരു പ്രമേയത്തിലൂടെ "ഗുരുവേ നയിച്ചാലും; ഞങ്ങൾ കൂടെയുണ്ട്" എന്ന് പ്രതികരിച്ചെന്നും സഭാരേഖകളിൽ കാണുന്നു. നാലു വർഷങ്ങൾക്കു ശേഷം ഗുരുവിന് മുമ്പേ ശിഷ്യൻ ലോകത്തോട് വിടപറഞ്ഞപ്പോൾ ഗുരുഹൃദയം പിടഞ്ഞു; മനസ്സു തകർന്നു; ശരീരം തളർന്നു. ശിഷ്യന്റെ കബറടക്കത്തിൽ തേങ്ങിക്കരയുന്ന, തളർന്നുവീഴുന്ന ഗുരുവിനെ ചരിത്രം സാക്ഷിക്കുന്നു. ക്രൈസ്തവ പ്രത്യാശ ഇല്ലാത്തതുകൊണ്ടല്ല; മറിച്ച് അത്രമേൽ ഗാഢവും തീവ്രവുമായ ഗുരു-ശിഷ്യ ബന്ധത്തിന്റെ മാനുഷികഭാവം മൂലമാണ് ലാസ്സറിന്റെ കബറിടത്തിൽ കരഞ്ഞ കർത്താവിന്റെ പ്രതിപുരുഷൻ ഇവിടെ കരഞ്ഞത് എന്നോർക്കണം. എന്നാൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സടകുടഞ്ഞെഴുന്നേറ്റ ഗുരു തന്റെയും പ. പരുമല തിരുമേനിയുടെയും മറ്റൊരു വിശ്വസ്ത ശിഷ്യനിൽ മലങ്കരയുടെ നേതാവിനെ ആത്മനേത്രങ്ങളാൽ കാണുകയും അങ്ങിനെ വട്ടശ്ശേരിൽ ഗീവർഗ്ഗീസ്സ് മല്പാനെ റമ്പാനാക്കി യെരുശലേമിലയച്ച് തന്റെ തന്നെ നാമത്തിൽ (ദീവന്നാസ്യോസ്) വാഴിച്ച് മലങ്കരയിലെത്തിച്ച് സർവ്വതും കൈമാറി സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയോടെ അരങ്ങൊഴിയുന്നു! എത്ര ശ്രേഷ്ഠം ആ വിശ്വ ഗുരുവിന്റെ തേജോഭാവം!

ഇന്ന് നൂറിലധികം വർഷങ്ങൾക്കു ശേഷം തിരിഞ്ഞു നോക്കുമ്പോൾ ഗുരു മറവായി നിന്ന് ശിഷ്യന്മാർ വളർന്ന് പരിമളം പരത്തുന്ന സുന്ദരമായ കാഴ്ച ദർശിക്കുന്നു. എത്ര മായിച്ചു കളയുവാൻ ശ്രമിച്ചാലും അത്രമേൽ തേജോഭാവത്തോടെ പ്രകാശിതമാവുന്നതാണ് മലങ്കര സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടേണ്ട ഈ ഗുരു-ശിഷ്യ ബന്ധം.

ശ്രേഷ്ഠ ഗുരുക്കന്മാർക്കു മാത്രമേ ഉത്തമ ശിഷ്യന്മാർ ഉണ്ടാകൂ. ശിഷ്യന്മാരിലൂടെയാണ് ഗുരു അറിയപ്പെടേണ്ടത് തുടങ്ങിയ ആപ്ത വാക്യങ്ങൾ ഈ ഗുരു-ശിഷ്യ ബന്ധത്തിലും സ്വാർത്ഥകമാകുന്നു. സുദൃഢമായ ആത്മബന്ധമുള്ള ശ്രേഷ്ഠ ഗുരുക്കന്മാരും ഉത്തമ ശിഷ്യന്മാരും ഇനിയും മലങ്കരയിൽ ഉണ്ടാകട്ടെ എന്നും ഈ പൂർവ്വ പിതാക്കന്മാരുടെ ഇനിയും പൂവണിഞ്ഞിട്ടില്ലാത്ത സ്വപ്നങ്ങൾക്ക് വർണ്ണങ്ങൾ നൽകുവാൻ അവർക്ക് സാധിക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം. അവരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കാവലുമായിതീരട്ടെ.

❑



കുന്നംകുളം ഭദ്രാസനത്തിലെ 2021ലെ കാതോലിക്കാ ദിന പിരിവ് ശേഖരണ യോഗം കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ആർത്താറ്റ് സെൻറ്. ഗ്രിഗോറിയോസ് അരമന ചാപ്പലിൽ വച്ച് നടന്നു. സഭയുടെ ഫിനാൻസ് കമ്മിറ്റി ചെയർമാൻ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, വൈദിക സംഘം സെക്രട്ടറി ഫാ. ടി. സി ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഇടവക വികാരിമാർ, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, കുന്നംകുളം മെത്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.



സമകാലികം

"അവനു രൂപഗുണമില്ല...!!!"

ഡോ. എം. കുര്യൻ തോമസ്


"***നിരണം** ഗ്രന്ഥവരി*" എന്നത് മലയാള ഭാഷയിൽ രചിക്കപ്പെട്ട ആദ്യ ചരിത്ര ഗ്രന്ഥമാണ്. അത് നസ്രാണികളുടെ ചരിത്രവുമാണ്. പല പിൽക്കാല പകർപ്പുകൾ ഉണ്ടെങ്കിലും മേപ്രാൽ കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന താളിയോല ഗ്രന്ഥമാണ് അവയിൽ ഏറ്റവും പുരാതനം. ആ പകർപ്പിനേയും ലഭ്യമായ ഇതര പകർപ്പുകളേയും അവലംബിച്ചാണ് 2000-മാണ്ടിൽ *നിരണം ഗ്രന്ഥവരി*" ഈ ലേഖകൻ എഡിറ്റു ചെയ്ത് അടിക്കുറിപ്പുകളോടെ ആദ്യമായി പ്രസിദ്ധീകരിച്ചത്. ലോകപ്രശസ്ത ചരിത്രകാരനും ഈ ലേഖകന്റെ ഗവേഷണ മാർഗ്ഗദർശിയുമായ ഡോ. എം. ആർ. രാഘവ വാര്യരാണ് അതിനു പ്രേരണ നൽകിയതും അവതാരിക എഴുതിയതും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ എഴുതപ്പെട്ട താളിയോല രചന പരാവർത്തനം ചെയ്തപ്പോൾ അനേക വാക്കുകളും വാചകങ്ങളും അനായാസമായി വ്യാഖ്യാന വിധേയമായില്ല. ലിപിഘടനയായിരുന്നു ഒരു മുഖ്യ പ്രശ്നം. അവയിലൊന്നാണ് "*...81-മാണ്ടു കന്നിമാസം 13-നു പെരുമ്പടപ്പിൽ വലിയ കടു(റു)ത്ത തമ്പൂരാൻ തീപ്പെട്ടു...*" എന്ന വാചകം. 1805 സെപ്റ്റംബർ 26-നു അന്തരിച്ച ശക്തൻ തമ്പുരാനാണ് പരാമർശ വിധേയൻ എന്നു വ്യക്തമാണെങ്കിലും അക്ഷരഘടന "*കറുത്ത*" എന്നതാണോ "*കടുത്ത*" എന്നതാണോ ശരി എന്നത് ഈ ലേഖകനെ ഏറെ കുഴക്കി. അവസാനം "*കടുത്ത = ശക്തൻ*" എന്ന നിഗമനത്തിൽ അപ്രകാരം രേഖപ്പെടുത്തുകയും ചെയ്തു. ആഢ്യക്ഷത്രിയ കുടുംബത്തിൽ പിറന്ന ശക്തൻ തമ്പുരാൻ "*കറുത്ത തമ്പുരാൻ*" ആവുകയില്ല എന്ന മിഥ്യാ ധാരണയും ഇതിനു കാരണമായി.

എന്നാൽ "*നിരണം ഗ്രന്ഥവരി*" പ്രസിദ്ധീകരിച്ച ശേഷം ഈ ലേഖകന്റെ സുഹൃത്തു ചരിത്ര കുതുകിയുമായ അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ, ശക്തൻ തമ്പുരാൻ "*കറുത്ത തമ്പുരാൻ*" എന്നറിയപ്പെട്ടിരുന്നു എന്ന് അറിയിച്ചു. തുടർ വായനയിൽ ഇതു ശരി എന്നു മാത്രമല്ല, കൊച്ചി രാജവംശത്തിൽ തുല്യ ആഢ്യത്വവും തുല്യ അവകാശവും ഉണ്ടായിരുന്ന *കറുത്ത താവഴി, വെളുത്ത താവഴി* എന്നിങ്ങന രണ്ടു ശാഖകൾ ഉണ്ടായിരുന്നതായും സൂചന ലഭിച്ചു. അതിനാൽ *നിരണം ഗ്രന്ഥവരി* പുനർപ്രസിദ്ധീകരിച്ചപ്പോൾ "*വലിയ കറുത്ത തമ്പുരാൻ*" എന്ന പാഠഭേദമാണ് ഉപയോഗിച്ചത്.

ഈ നിസാര വിഷയം ഇത്ര വിശദമായി പ്രതിപാദിച്ചത് കഴിഞ്ഞ രണ്ടു ദീവസങ്ങളിൽ കണ്ട ചില പരാമർശനങ്ങൾ മൂലമാണ്. ഇന്ത്യ ഒക്കയുടേയും വാതിലും മലങ്കര നസ്രാണികളുടെ ജാതിക്കു തലവനുമായ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ തൊലിനിറത്തെപ്പറ്റി സാമൂഹിക മാദ്ധ്യമങ്ങളിൽ വന്ന ചില വിമർശനങ്ങളാണവ. അദ്ദേഹം കറുത്തവനാണത്രെ! ഭഗവാൻ ശ്രീകൃഷ്ണന്റെ കൃഷ്ണ വർണ്ണത്തിൽ പരാതി ഇല്ലാത്ത കേരളീയ സമൂഹത്തിലാണ് ഇത് എഴുന്നള്ളിച്ചത്! പ്രത്യേകിച്ചും "*കറുത്തവരുടെ ഇടയിൽ പരിശുദ്ധർ ഉണ്ടാകില്ലാ*" എന്ന് ആക്രോശിച്ചുകൊണ്ട് പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ സ്മാരക കബറിടം ചവുട്ടി പൊളിച്ച ശീമമെത്രാന്റെ അന്ത്യം എങ്ങിനെ ആയിരുന്നു എന്നു കൃത്യമായി രേഖപ്പെടുത്തിയ നസ്രാണിയുടെ മുമ്പിൽ!

"*വെളുപ്പു നിറം*" ആഢ്യത്വത്തിന്റെയും കുടുംബ മാഹാത്മ്യത്തന്റെയും പ്രത്യക്ഷ ലക്ഷണമായി മലങ്കര നസ്രാണികൾ കാണാൻ തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിൽ എന്നോ മാത്രമാണ്. 1892-ൽ പ്രസിദ്ധീകരിച്ച "*പരിഷ്ക്കാരപ്പാതി*" എന്ന നസ്രാണി സാമൂഹ്യ വിവരണ പ്രധാനമായ നോവലിൽപ്പോലും പെണ്ണുകാണാൻ പോകുന്നവരെ "*...മാമ്മച്ചാ, പെണ്ണിനു കാതും തലമുടിയും ഒക്കെയുണ്ടോ എന്നു നോക്കിക്കോണേ...*" എന്നല്ലാതെ "*നിറം*" നോക്കാൻ വീട്ടുകാരത്തികൾ നിർദ്ദേശിക്കുന്നില്ല. കാരണവന്മാർ ആവശ്യപ്പെടുന്നത് "*കുടുംബം*" നോക്കാനും, അക്ഷരജ്ഞാനം പരീഷിക്കാനും.



സത്യത്തിൽ കേരളത്തിലെ അത്യപൂർവം ഗോത്രവർഗ്ഗക്കാർ ഒഴികെ കേരളത്തിലെ ഒരു ജാതിക്കും ജനിതക സംശുദ്ധി അവകാശപ്പെടാനാവില്ല. കേരളത്തിൽ ജാതി വ്യവസ്ഥ ഉറയ്ക്കുന്നതിനു മുമ്പുതന്നെ അവരെല്ലാം സങ്കര വംശീയരാണ്. "*നമ്പൂതിരി മുതൽ നായാടി വരെ*" എന്നു ചിലർ പറയുന്ന ജാതി ശ്രേണിയിൽ എവിടെയും ഇത് പരിശോധനാ വിധേയമാക്കാവുന്നതാണ്. യഹൂദ വംശംജർ എന്നു അവകാശപ്പെടുന്ന പേർഷ്യൻ കുടിയേറ്റക്കാരുടെ പിൻമുറക്കാരായ ക്നാനായക്കാരുടെ വർണ്ണ വൈവിദ്ധ്യം തന്നെ ഏറ്റവും നല്ല ഉദാഹരണം. മലയാളിക്കു മുഴുവൻ ജാതിഭേദമന്യേ ത്വക്വർണ്ണ ഭേദമുണ്ട്. "*ശുദ്ധ രക്തം*" ആർക്കുമില്ലന്നു സാരം.

എന്നോ എവിടെയോ "*വെളുപ്പു ദീനം*" കയറിവന്നു. ഇതിന് ആദ്യം ഇരയായത് സഭയിലെ മൺമറഞ്ഞ പിതാക്കന്മാരാണ്. ഇരുനിറക്കാരൻ എന്ന് സ്വകുടുംബമായ ചാത്തുരുത്തിക്കാർ പോലും സാക്ഷിക്കുന്ന പ. പരുമല തിരുമേനിയെ പൽക്കാലത്ത് "*പെയിന്റടിച്ചു വെളുപ്പിച്ചു.*" ഇതു തന്നെ പ. വട്ടശേരിൽ തിരുമേനിക്കും സംഭവിച്ചു. അദ്ദേഹത്തേയും വെളുപ്പിച്ചു! എന്നു മാത്രമല്ല; അദ്ദേഹത്തിന്റെ "*ബ്രാൻഡ് ഇമേജായ*" കോങ്കണ്ണ് നേരേയാക്കാനും സമീപകാലത്ത് ശ്രമം നടന്നു!

വട്ടശ്ശേരിൽ മല്പാന്റെ 1905-ലെ കോലവും അദ്ദേഹം മലങ്കര

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മെത്രാപ്പോലീത്താ ആയശേഷമുള്ള രൂപമാറ്റവും ദൃക്സാക്ഷിയായും മലങ്കരയുടെ മഹാ ചരിത്രകാരനുമായ ഇസഡ്. എം. പാറേട്ട് വിവരിക്കുന്നത് ഇപ്രകാരമാണ്.

> "...1080-ാമാണ്ടോട് അടുത്ത് ഒരു ദിവസം വട്ടശ്ശേരി മൽപ്പാനച്ചൻ പാറേട്ടു വന്നു. അന്ന് ഇവിടെ താമസിച്ചു. അസ്ഥിമാത്രശേഷനായ ഒരു വെള്ളക്കുപ്പായക്കാരൻ. താടിയും മീശയും വളർത്തിയിട്ടുണ്ട്. അല്ല വളർത്താൻ ശ്രമിച്ചിട്ടുണ്ട്. പുളിയിളക്കമുള്ള നിലങ്ങളിലൊ, മരക്കോൾ ഉള്ള ചേരിക്കലിലൊ ഉണ്ടാകുന്ന നെൽച്ചെടികൾ പോലെ, അവിടെയും ഇവിടെയും ആയി നാലും മൂന്നും ഏഴു താടിമീശ. മേൽമീശ മറ്റേതിന്റെ അനിയൻ. തമ്മിൽ തെറ്റിപ്പിണങ്ങി വെട്ടിത്തിരിഞ്ഞുപായാൻ തുനിയുന്ന രണ്ടു വെണ്ട കണ്ണുകൾ. നേരെ നിൽക്കാൻ അവയിൽ ഒന്നു ശ്രമിക്കുന്നുണ്ട്. ശരിക്കും ഫലിക്കുന്നില്ല. യാതൊരു സത്വവൈശിഷ്ട്യവുമില്ലാത്ത ഒരു കോലംപാവ. ആവു. ആ കോലത്തിൽ കാലം വരുത്തിയ മാറ്റങ്ങൾ! അന്ത്യകാലത്തല്ല, അതിനു വളരെ മുമ്പുതന്നെ 'വെണ്ടക്കണ്ണുകൾ' കണ്ടാൽ നല്ല കാറിന്റെ ഹെഡ്ലൈറ്റിനുള്ളത്ര പ്രകാശമുണ്ടെന്നു തോന്നും - മറിഞ്ഞു മറിഞ്ഞു പോകുന്ന കണ്ണിനു കാഴ്ച ഇല്ലാതായിത്തീർന്നു എന്ന് സമ്മതിക്കുന്നു. എന്നാലെന്താ. അതാരറിയുന്നു. മുഖം ഭാസുരപ്രഭാപൂരിതമായി, മാംസളമായി, കോമളമായി, ദേഹകാന്തി വർദ്ധിച്ചു. ശരീരം സ്ഥൂലമായി. ഒക്കെകൂടെ ഒരു രാജർഷി ആണെന്ന് ആരും സമ്മതിക്കുന്ന നില. താടിമീശയ്ക്കും മീശയ്ക്കും പോലും കിട്ടി ഉത്ഥാനത്തിൽ പങ്ക്..."

"*പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പൗരസ്ത്യ കാതോലിക്കാ*" എന്നാണ് നസ്രാണികളുടെ ജാതിക്കു തലവൻ ഇന്നു പരക്കെ അറിയപ്പെടുന്നത്. എന്നാൽ മലങ്കര മെത്രാപ്പോലീത്താമാരും ആരോഹണം ചെയ്തിരുന്നത് "*പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ*" ആയിരുന്നു. ഇതിനു നൂറ്റാണ്ടുകൾ നീണ്ട ചരിത്രമുണ്ട്. രേഖകളുമുണ്ട്. മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനം അവകാശപ്പെട്ടിരുന്ന മുളന്തുരുത്തിയിൽ കബറടക്കപ്പെട്ട യൂയാക്കീം മാർ കൂറിലോസ് എന്ന പരദേശി മെത്രാനും "*പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ മലങ്കര മെത്രാപ്പോലീത്താ*" എന്നു ചുവന്ന മഷിയിൽ മുദ്ര കുത്തിയിരുന്നു എന്ന് രേഖപ്പെടുത്തുന്നത് പ. യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസാണ്!

മലങ്കര മെത്രാപ്പോലീത്തായുടെ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന് അതിൽ ഉപവിഷ്ടരാകുന്നവരെ പരിവർത്തനം ചെയ്യാനുള്ള കഴിവുണ്ടെന്നും ഇസഡ്. എം. പാറേട്ട് വിശ്വസിച്ചിരുന്നു. അതിന് ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് 1929-ൽ കാതോലിക്കായും 1934-ൽ മാത്രം മലങ്കര മെത്രാപ്പോലീത്തായും ആയ "*വെളുത്തു ചുമന്ന്,*" സഭാകവി സി. പി. ചാണ്ടി പാടിയപോലെ, "*സീനായ് മേഘ ഗംഭീര മുഴക്കമുള്ള*" പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ ആണ്.

> "...പഴയ സെമിനാരിയിലും പരുമല സെമിനാരിയിലും താമസിച്ചു നോമ്പും പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞ് അസ്ഥിമാത്രശേഷനായി തീർന്നിരുന്ന പുന്നൂസു റമ്പാന് മനുഷ്യശ്രദ്ധയെ ആകർഷിക്കത്തക്ക ശരീരസൌഷ്ടവവും ഉണ്ടായിരുന്നില്ല. സുഭഗമായ മുഖച്ഛായയെ കെടുത്തുന്നതിനു കരുതിക്കൂട്ടി ശ്രമിക്കുന്നു എന്നു കാഴ്ചക്കാർക്കു തോന്നത്തക്കതായിരുന്നു ദന്തങ്ങൾ. മെത്രാനാകുമ്പോൾതന്നെയും ഈ നിലയ്ക്കു വലിയ മാറ്റം ഒന്നും സംഭവിച്ചിരുന്നില്ല. മലങ്കരമെത്രാൻ പദം പ്രാപിച്ചതോടുകൂടെ മട്ടൊക്കെ മാറി. സ്നേഹവതിയായ പ്രകൃതിമാതാവ് കുസൃതിത്തരം കാട്ടി നാട്ടി നിർത്തിയിരുന്ന കോന്ത്രപ്പല്ലുകൾ ഇളക്കി ആട്ടി പിഴുതു മാറിയതോടുകൂടെ മുഖത്തിനു ജന്മസിദ്ധമായുണ്ടായിരുന്ന ചൈതന്യം തെളിഞ്ഞു. മാംസ രക്താദികൾ വിരളമായിരുന്ന നിലയ്ക്കും മാറ്റം സംഭവിച്ചുതുടങ്ങി. സാവധാനത്തിൽ ശരീരം മാംസളമായി. ശരീരകാന്തി വർദ്ധിച്ചു. ഒട്ടിമെലിഞ്ഞു തേമ്പിയിരുന്ന മുഖത്തിനു പൂർണ്ണചന്ദ്രസമാനമായ പ്രകാശം ലഭിച്ചു. കാറ്റിൽ പറന്നു പോകാതെ സൂക്ഷിക്കേണ്ട നില ഉണ്ടായിരുന്ന കൃശഗാത്രൻ, ഗംഭീരൻ എന്ന് ആരും പറഞ്ഞു പോകുന്ന നിലയിൽ എത്തിച്ചേരാൻ വളരെ വൈകേണ്ടിവന്നില്ല. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് കാൽ ശതാബ്ദക്കാലം അവർണ്ണനീയമായ കഷ്ടപ്പാടുകൾ സഹിച്ചു സമ്പാദിച്ചതെല്ലാം അനുഭവിക്കുന്നതിനു വിധി അപ്രതീക്ഷതമായി വിളിച്ചുണർത്തിക്കൊണ്ടുവന്ന ഭാഗ്യവാനായിരുന്നു പുന്നൂസ് റമ്പാനും ഗ്രീഗോറിയോസു മെത്രാനും ആയിരുന്ന ഗീവറുഗീസ് ബസ്സേലിയോസ് കാതോലിക്കോസ്. ആകർഷണീയതയോ ചൈതന്യംപോലുമോ ഇല്ലാതിരുന്ന ആ മുഖത്തിനു കാണുന്നവരിൽ ബഹുമാനവും സന്തോഷവും ജനിപ്പിക്കുന്നതിനു പര്യാപ്തമായ എന്തൊക്കെയോ ലഭിച്ചു..."



ഇവരൊക്കെ ഇസഡ്. എം. പാറേട്ടിന് പരിചിതരായിരുന്നെങ്കിലും ഇന്നത്തെ തലമുറ ഇവരാരെയും നേരിട്ടു കണ്ടിട്ടില്ല. പക്ഷേ സ്മരണകൾ മറഞ്ഞു പോവാത്ത ഒരാളുണ്ട്: കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന വട്ടക്കുന്നേൽ ബാവ. ജാത്യാഭിമാനിയും 2017 ജൂലൈ 3 വിധിയുടെ അടിസ്ഥാന ശിലയുമായ രാജകീയ മഹാപുരോഹിത പ്രൗഡി നിലനിർത്തിയ അദ്ദേഹത്തിന്റെ "*തൊലിനിറം*" ഒന്നു ചിന്തിക്കുക.

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിൽപ്പെട്ട ഒരു പാതിരി ആയിരുന്നു ഗ്രിഗർ ജോഹാൻ മെൻഡൽ. ഇന്നത്തെ ചെക്ക് റിപ്പബ്ലിക്ക് സ്വദേശിയും ബഹുമുഖ പ്രതിഭയുമായ അദ്ദേഹത്തെ "*ജനിതക ശാസ്ത്രത്തിന്റെ പിതാവ്*" എന്നാണ് ആധുനിക ശാസ്ത്രം വിശേഷിപ്പിക്കുന്നത്. ഒരു തലമുറയിൽ ഉൾക്കൊള്ളുന്ന ജനിതക സ്വഭാവം തൊട്ടടുത്ത തലമുറകളിൽ പ്രത്യക്ഷപ്പെട്ടില്ലെങ്കിലും അതിനു ശേഷവും പ്രത്യക്ഷപ്പെടാം എന്ന് അദ്ദേഹത്തിന്റെ ഗവേഷണഫലത്തെ ലളിതമായി വിവരിക്കാം. ശാസ്ത്രലോകം ഇന്നും അംഗീകരിക്കുന്ന ഈ സിദ്ധാന്തത്തെപ്പറ്റി "*വർണ്ണ വെറിയന്മാർ*" ജാകരൂകരാകണം. കാരണം എന്നു വേണമെങ്കിലും അവരുടെ തലമുറയിൽ *കറുത്ത തൊലി*" വീണ്ടും പ്രത്യക്ഷപ്പെടാം. ഒരു നൂറ്റാണ്ടോളം സുപ്തമായിരുന്ന "*കോങ്കണ്ണ്*" നാലാം തലമുറയിൽ ഒറ്റയടിക്ക് മൂന്നുപേർക്ക് ലഭിച്ച ചരിത്രം ഈ ലേഖകന് നേരിട്ടറിയാം. അതും മാതൃവഴിക്ക്!

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ തൊലിനിറത്തെ പുശ്ചിക്കുന്നവർ യശയ്യാ പ്രവാചകനെ ഒന്നോർക്കുന്നത് നന്നായിരിക്കും. അദ്ദേഹം പ്രവചിക്കുന്നു:

> "അവനു രൂപഗുണം ഇല്ല. ശോഭയുമില്ല. കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല." (യെശയ്യാ. 53: 2. പശീത്താ)

ദുഃഖ വെള്ളിയാഴ്ച സ്ലീബാ വന്ദനവിന് വായിക്കുന്ന ഈ വേദഭാഗം യേശുക്രിസ്തുവിനെക്കുറിച്ചാണ്. അതു മറക്കാതിരുന്നാൽ മതി.

❑

ചരിത്രരേഖകൾ

മലങ്കര ഓർത്തഡോക്സ് സഭ: സുന്നഹദോസ് നിശ്ചയങ്ങൾ

1947

"പരുമലെ കാലംചെയ്ത നമ്മുടെ പരിശുദ്ധ പിതാവിന്റെ തിരുനാമം ശുദ്ധിമാന്മാരുടെ പട്ടികയിൽ ചേർത്തു തുബ്ദേനിൽ എഴുതുന്നതിനും കോതമംഗലത്തു കാലംചെയ്ത പരിശുദ്ധ പിതാവാകുന്ന മാർ ബസ്സേലിയോസ് കാതോലിക്കായുടെ നാമവും ഇപ്രകാരം തന്നെ ചെയ്യുന്നതിനും നമ്മുടെ വി. സുന്നഹദോസ് നിശ്ചയിച്ചിരിക്കുന്നു എന്ന സന്തോഷവാർത്ത നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. അതിനാൽ ഈ ശുദ്ധിമാന്മാരുടെ ഓർമ്മ, ശേഷം പരിശുദ്ധന്മാരുടെ ഓർമ്മപോലെ "സാദീക്കോ" (നയവാൻ പനപോലെ തളിർത്തീടുമേ) എന്നുള്ള പ്രാർത്ഥനയിൽ ഓർക്കുകയും അവരുടെ നാമങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും മറ്റും ചെയ്യാവുന്നതാണ്. ഈ പരിശുദ്ധന്മാരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ."

(1947-നു കൊല്ലം 1123 ധനു 3-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും അയച്ച കല്പനയിൽ നിന്നും. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പിൽ നിന്ന്, *തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 301)

1952

"സഭാനിധി പിരിവു സംബന്ധിച്ചു നാം അയച്ചിരുന്ന കല്പന അവിടെ കിട്ടിയിരിക്കുമല്ലോ. ആ കല്പനയിൽ പിരിവു എത്രയുംവേഗം പൂർത്തിയാക്കി പണവും കണക്കും ആഫീസിൽ ഏല്പിക്കേണ്ടതിനെപ്പറ്റിയും മറ്റും നാം നിർദ്ദേശിച്ചിരുന്നു. ഈ വിധം പിരിയുന്ന തുക ഏതുവിധം വിനിയോഗിക്കണമെന്നു മേടമാസം 30-നു കൂടിയ മാനേജിംഗ് കമ്മറ്റി ആലോചിച്ചു തീരുമാനം ചെയ്യുകയും എപ്പിസ്കോപ്പൽ സിനഡ് ആ തീരുമാനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു കാതോലിക്കേറ്റു അരമനയ്ക്കു ഒരുലക്ഷത്തി അറുപത്തിമൂവായിരം രൂപായും അരമന ചാപ്പലിനും എൻഡോവുമെന്റിനും കൂടെ നാല്പതിനായിരം രൂപായും വൈദിക സിമ്മനാരിയുടെ തന്നാണ്ടത്തെ നടത്തിപ്പിനു പതിനായിരം രൂപായും വൈദികസിമ്മനാരിക്കു ശാശ്വതമായസ്ഥലം, കെട്ടിടം, എൻഡോവുമെന്റു മുതലായവയ്ക്കു തൊണ്ണൂറ്റയ്യായിരം രൂപായും വടക്കൻ ഇടവകകളിലും മറ്റും പുതിയ പള്ളികൾ വയ്ക്കുന്നതിനു ഗ്രാന്റായി മുപ്പതിനായിരം രൂപായും കേന്ദ്ര ആഫീസിനും ഭദ്രാസന ആഫീസുകൾക്കുമായി പതിനയ്യായിരം രൂപായും ആത്മീയ പുനരുജ്ജീവന കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കായി പതിനയ്യായിരം രൂപായും ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി മൂന്നു ലക്ഷത്തി എൺപത്തിമൂവായിരം രൂപായുടെ ബഡ്ജറ്റാണു പാസ്സാക്കിയിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ."



(1952 ജൂൺ 14-നു ശനിയാഴ്ച കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും അയച്ച കല്പനയിൽ നിന്നും. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പിൽ നിന്ന്, *തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 346)

1953

ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നു

നമ്പർ 59

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ
തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢ
നായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരെ,

നമ്മുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മേൽപട്ടസ്ഥാനാഭിഷേകം സംബന്ധിച്ചു മലങ്കര അസ്സോസ്യേഷനും മാനേജിംഗ് കമ്മറ്റിയും ചെയ്ത ശുപാർശകളെപ്പറ്റി ആലോചിച്ചശേഷം വി. കെ. മാത്യൂസ് റമ്പാൻ, പി. ഇ. ദാനിയേൽ റമ്പാൻ, പാറേട്ടു മത്യൂസ് കത്തനാർ എന്നിവരെ മേല്പട്ടസ്ഥാനത്തേയ്ക്ക് അസ്സോസ്യേഷൻ തെരഞ്ഞെടുത്തിട്ടുള്ളതു അംഗീകരിക്കുകയും, എം. പി. പത്രോസ് റമ്പാൻ, ഇ. മത്യൂസ് റമ്പാൻ എന്നിവരെ മിഷനറി ബിഷപ്പന്മാരായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ള വിവരം ഇതിനാൽ നാം പ്രഖ്യാപനം ചെയ്യുന്നു. സ്ഥാനാഭിഷേകം 1953 മെയ് 15-ാം തീയതി വെള്ളിയാഴ്ച നടത്തണമെന്ന് കർത്താവിൽ ശരണപ്പെടുന്നു. ഈ സ്ഥാനാഭിഷേകം ദൈവതിരുനാമ മഹത്വത്തിനും സഭയുടെ നിലനില്പ്പിനും പുരോഗമനത്തിനും ആയിത്തീരുവാനും സ്ഥാനമേല്ക്കുന്നവർക്കും കൊടുക്കുന്നവർക്കും ദൈവാനുഗ്രഹം ലഭിക്കുന്നതിനും നിങ്ങൾ എല്ലാവരും പള്ളികളിലും ഭവനങ്ങളിലും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്നും കാഴ്ചനേർച്ചകളോടു കൂടി വന്ന് ഈ ശുശ്രൂഷയിൽ സംബന്ധിച്ച് പുതിയ മേൽപട്ടക്കാരുടെ കൈ മുത്തി അനുഗ്രഹം പ്രാപിച്ചു പോകണമെന്നും താൽപര്യപ്പെടുന്നു. സ്ഥാനാഭിഷേകം സംബന്ധിച്ച ക്രമീകരണങ്ങൾക്കും മറ്റുമായി ഒരു കമ്മറ്റിയെ നിയമിച്ചിട്ടുണ്ട്. ആവശ്യമുള്ള നിർദ്ദേശങ്ങൾ കമ്മറ്റി സെക്രട്ടറി വിജ്ഞാപനങ്ങൾ മൂലവും ..... അപ്പഴപ്പോൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. പ്രിയരെ, ഈ ആവശ്യങ്ങൾക്ക് കുറെ പണം വേണ്ടിവരുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. നിങ്ങളുടെ ശക്തിക്കും ഭക്തിക്കും തക്കവണ്ണം ഒരു തുക ആ പള്ളിയിൽ നിന്നും പ്രസ്തുത ചെലവിനായി നമ്മുടെ പേർക്ക് അയച്ചുതരണം.

കൂടാതെ, പഞ്ചാംഗ പരിഷ്കരണത്തെപ്പറ്റിയും നമ്മുടെ സുന്നഹദോസ് ആലോചിക്കയുണ്ടായി. സ്വർഗ്ഗാരോഹണപ്പെരുനാൾ മുതൽ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കാൻ സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള വിവരവും നാം പ്രഖ്യാപനം ചെയ്യുന്നു. അന്നു മുതൽ നമ്മുടെ പെരുനാളുകൾ നോമ്പുകൾ മുതലായവ ആ പഞ്ചാംഗമനുസരിച്ച് നടത്തിക്കൊള്ളണം. പുതിയ പഞ്ചാംഗം നമ്മുടെ ആപ്പീസിൽനിന്നും ഉടൻതന്നെ അച്ചടിപ്പിച്ച് എല്ലാ പള്ളികൾക്കും അയച്ചുതരു

ന്നതായിരിക്കും.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ .... ഇത്യാദി.

എന്ന്, 1953 ഏപ്രിൽ 16-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

(പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പിൽ നിന്ന്, *തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 353-354)

1957 ഒക്ടോബർ 4 വെള്ളി

"രാവിലെ നാം കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ചു പഴയസിമ്മനാരിയിൽ എത്തി. നമ്മുടെ അദ്ധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് കൂടുകയുണ്ടായി. ദീവന്നാസ്യോസ്, ഈവാനിയോസ്, പീലക്സിനോസ്, അത്താനാസിയോസ്, കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാർ സന്നിഹിതരായിരുന്നു. 10 മണിയോടു കൂടി ആരംഭിച്ചു. 5 1/2 മണിയോടുകൂടി സുന്നഹദോസ് കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ച് ദേവലോകത്തു വന്നുചേർന്നു."

(*തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 45)

1958 ജനുവരി 31 വെള്ളി

"ഇന്ന് സുന്നഹദോസ് ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ 11 മണിയോടു കൂടി ദേവലോകം അരമനയിൽവച്ച് കൂടി. കേസ്സിന്റെ ആവശ്യത്തിലേക്കുള്ള പണപ്പിരിവിന്റെ കാര്യത്തെപ്പറ്റി ആലോചിച്ചു. 4 മണിയോടുകൂടി പര്യവസാനിച്ചു. പഴയസിമ്മനാരി മാനേജരും സംബന്ധിച്ചു."

(*തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 62)

1958 ജൂൺ 5 വ്യാഴം

"എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ദിവസമായിരുന്നു. പഴയസെമ്മിനാരിയിൽ വച്ചു സുന്നഹദോസ് കൂടി. മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ അത്താനാസ്യോസ് ഇവർ നമ്മോടു കൂടി പഴയസെമ്മിനാരിയിൽ സംബന്ധിച്ചു. മുമ്പു കൂടിയ സുന്നഹദോസിന്റെ നിശ്ചയങ്ങളെ സ്ഥിരീകരിച്ചു. അല്പ സമയം ചർച്ചചെയ്ത ശേഷം മുൻ നിശ്ചയങ്ങൾ തന്നെ ബലപ്പെടുത്തി. 10 മണിക്ക് സുന്നഹദോസ് ആരംഭിച്ചു. വൈകിട്ട് 3 മണിക്ക് അവസാനിച്ചു.

(*തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 93)

1958 ഏപ്രിൽ 29

29-4-58. ചൊവ്വാ. ദേവലോകം അരമനയിൽ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം സുന്നഹദോസിന്റെ യോഗം 10 മണിയോടു കൂടി ആരംഭിച്ചു. മാർ തിമോത്തിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഒസ്താത്തിയോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് ഇവർ സന്നിഹിതരായിരുന്നു. വി. സി. ശമുവേൽ കത്തനാരുടെ കാര്യം പ്രധാന ചർച്ചാവിഷയം ആയിരുന്നു. അയാൾക്ക് യാതൊരു കാരണവശാലും കുർബാന ചൊല്ലുവാൻ അനുവാദം കൊടുക്കുവാൻ സാധിക്കുകയില്ലായെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. മാർ ഒസ്താത്തിയോസ്, ശമുവേൽ കത്തനാരുടെ കൂടെ മൂന്നിന്മേൽ കുർബാന ചൊല്ലിയത് തെറ്റിപ്പോയി എന്ന് മാപ്പ് പരസ്യമായി പറഞ്ഞു. സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു. 4 മണിയോടു കൂടി യോഗം പിരിഞ്ഞു. മാർ ഒസ്താത്തിയോസ് ഒഴികെ മെത്രാന്മാർ എല്ലാം തിരികെപ്പോയി. സന്ധ്യാനമസ്ക്കാരം, അത്താഴം, സൂത്താറ ഇവയ്ക്കു ശേഷം സുഖമായി ഉറങ്ങി. അരമനയിൽ മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പാ നമ്മോടു കൂടി താമസിച്ചു.



(*തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 82-83)

1959

മെത്രാസന ഇടവക വിഭജനകൽപന

നമ്പർ 31/1959

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം കൽപനകൾ മൂലം സ്വീകരിക്കുകയും നമ്മുടെ സഭയിൽ സമാധാനം സ്ഥാപിതമാകയും ചെയ്തതിനെ തുടർന്ന് നമ്മുടെ മലങ്കര മഹാഇടവകയിലെ മെത്രാസന ഇടവകകളുടെ ഭരണം സംബന്ധിച്ച് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിത്തീരുകയാൽ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മറ്റിയും എപ്പിസ്കോപ്പൽ സുന്നഹദോസും ....സ്ഥിതിഗതികൾ പരിഗണിച്ച് മെത്രാസന ഇടവകകൾ പുനർവിഭജനം ചെയ്യണമെന്ന് അഭിപ്രായമുള്ളതുകൊണ്ട് മുറപ്രകാരമുള്ള നടപടികൾ നടത്തി ആ സംഗതി തീരുമാനിക്കുന്നതുവരെ താൽക്കാലികമായി ഭരണം നടത്തുന്നതിന് മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടുകൂടിയും

എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെ വിവരിക്കുന്നപ്രകാരം മേൽപട്ടക്കാർക്ക് ഇടവകകൾ തിരിച്ചു കൊടുത്ത് അവയുടെ ഭരണത്തിന് അവരെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ഈ താൽക്കാലിക ക്രമീകരണമനുസരിച്ച് മലബാർ മെത്രാസനം പത്രോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പായും, കൊച്ചി മെത്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, അങ്കമാലി മെത്രാസനം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, കണ്ടനാടു മെത്രാസനം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും കോട്ടയം മെത്രാസനം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായും, മാത്യൂസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ സഹായമെത്രാനായും, നിരണം മെത്രാസനം മാർതോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, തുമ്പമൺ മെത്രാസനം ദാനിയേൽ മാർ പീലക്സിനോസ് എപ്പിസ്കോപ്പായും, കൊല്ലം മെത്രാസനം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ സഹായമെത്രാനായും ഭരിക്കുന്നതാകുന്നു. ക്നാനായ വിഭാഗത്തിന്റെ പ്രത്യേക സ്വഭാവത്തേയും കീഴ്നടപടികളെയും ആദരിച്ച് ക്നാനായ സമുദായാംഗങ്ങൾ ചേർന്നു നടക്കുന്ന പള്ളികൾ എല്ലാംകൂടി ഒരു മെത്രാസന ഇടവകയായിരിക്കണമെന്നും ആ മെത്രാസനത്തിന്റെ ഭരണം ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ നടത്തണമെന്നും ആ മെത്രാസനവും മലങ്കരസഭയുമായുള്ള ബന്ധം അതേപ്പറ്റി പഠിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിനു റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള കമ്മറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം നിർണ്ണയിക്കണമെന്നും തീരുമാനിച്ചിരിക്കുന്നതും അതനുസരിച്ച് ആ മെത്രാസനം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഭരിക്കുന്നതും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയത്തുള്ള കോട്ടയം ചെറിയ പള്ളിയും അതോടു ബന്ധപ്പെട്ട പള്ളികളും ചാപ്പലുകളും അവയോടുകൂടി മാർ ഏലിയാ ചാപ്പൽ ഇടവകയും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ തുടരുന്നതാകുന്നു.

മലങ്കരയ്ക്കു വെളിയിലുള്ള ഇടവകകളുടെ ഭരണം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കണമെന്നും നാം തീരുമാനിച്ചിരിക്കുന്നു. ...

എന്ന്, 1959 ഫെബ്രുവരി 25-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

(*തിരുസന്നിധിയിൽ*, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പേജ് 371-372)

1980 ഫെബ്രുവരി

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 18 മുതൽ 23 വരെ സമ്മേളിച്ചു

1980 ഫെബ്രുവരി 18-ാം തീയതി കോട്ടയം പഴയസെമിനാരിയിലുള്ള സോഫിയ സെന്റർ ചാപ്പലിൽ ആരംഭിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് 22-ാം തീയതി വെള്ളിയാഴ്ച സമാപിച്ചു. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസ് യോഗങ്ങളിൽ യൂഹാനോൻ മാർ സേവേറിയോസ്, യൂഹാനോൻ മാർ അത്താനാസിയോസ്, തോമസ് മാർ മക്കാറിയോസ് എന്നിവർ ഒഴികെയുള്ള സഭയിലെ എല്ലാ മേല്പട്ടക്കാരും സംബന്ധിച്ചിരുന്നു. സുന്നഹദോസ് അംഗങ്ങളുടെ ധ്യാനത്തിനു മലബാർ ഇടവകയുടെ തേമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി.

സഭയുടെ ശിശുക്ഷേമപ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു ഒരു ശിശുക്ഷേമ ബോർഡ് തുടങ്ങണമെന്നും അതിന്റെ പ്രവർത്തനങ്ങൾക്ക് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകണമെന്നും നിശ്ചയിച്ചു.

ശിശുവർഷ പിരിവുകൊണ്ടു ഉണ്ടാകേണ്ട ബാലഭവനങ്ങൾ / വികലാംഗ ശിശുഭവനങ്ങൾ ഇവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനു ഗീവറുഗിസ് മാർ ദീയസ്കോറോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു.



സഭയിൽ പൊതുവായി കൂടുതൽ ആദ്ധ്യാത്മിക ചൈതന്യവും നവജീവനും ഉണ്ടാകത്തക്കവണ്ണം വേണ്ട കർമ്മ പരിപാടികൾ നിശ്ചയിച്ചു നടപ്പാക്കുന്നതിനു തീരുമാനിച്ചു. ആയതിന്റെ പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിച്ചു നടപ്പാക്കുന്നതിനു പരിശുദ്ധ കാതോലിക്കാ ബാവാ അദ്ധ്യക്ഷനും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കൺവീനറുമായുള്ള ഒരു കമ്മിറ്റിയെ നിശ്ചയിച്ചു.

സഭയിൽ ഇപ്പോഴുള്ള പട്ടക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു വൈദിക സെമിനാരിയിൽ കൂടുതൽ വിദ്യാർത്ഥികളെ എടുത്തു പഠിപ്പിക്കണമെന്നു നിശ്ചയിച്ചു.

ജൂലൈ 6—ാം തീയതി ഞായറാഴ്ച മിഷൻ സണ്ടേയായും സഭാവികസന ദിനമായും പ്രഖ്യാപിക്കുന്നതിനു തീരുമാനിച്ചു.

സുന്നഹദോസിന്റെ മുമ്പാകെ സമർപ്പിച്ചിരുന്ന സ്ഥാപനങ്ങളുടെ ബഡ്ജറ്റ് യോഗം അംഗീകരിച്ചു.

36-ാം ഞായറാഴ്ച (മാർച്ച് 23) നടത്തുന്ന കാതോലിക്കാദിന പിരിവ് വിജയപ്രദമാക്കുന്നതു സംബന്ധിച്ച് യോഗം ചർച്ചകൾ നടത്തി. ഈ ചർച്ചകളിൽ അസോസിയേഷൻ സെക്രട്ടറി ശ്രീ. പി. സി. ഏബ്രഹാം, ഡപ്യൂട്ടി സെക്രട്ടറിമാരായ ശ്രീ. പി. എൻ. നൈനാൻ, ശ്രീ. ഒ. എ. മാത്യു എന്നിവർ പ്രത്യേക ക്ഷണപ്രകാരം സന്നിഹിതരായിരുന്നു. വി. കുർബാന തക്സാ ഹിന്ദിയിലും തമിഴിലും (ഇംഗ്ലീഷിലും കൂടെ - ഇതു മുമ്പെയുണ്ട്) തർജ്ജമ ചെയ്ത് മുദ്രണം ചെയ്യുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തു. ഹിന്ദിയിൽ മുദ്രണം ചെയ്യുന്നതിന്റെ ചുമതല പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചു (തമിഴ് വിവർത്തനം പൂർത്തിയായി വരുന്നതേയുള്ളു).

സഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റിയിലേക്ക് മാർ ഒസ്താത്തിയോസ്, മാർ പോളിക്കർപ്പോസ്, മാർ ദിയസ്ക്കോറോസ് എന്നീ മേല്പട്ടക്കാരെ കൂടെ നോമിനേറ്റു ചെയ്തു.

കാലാവധി തീർന്ന സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായെയും പബ്ലിക്കേഷൻ ഓഫീസർ ഫാ. റ്റി. ജി. സഖറിയായേയും തൽസ്ഥാനങ്ങളിൽ മൂന്നു വർഷത്തേക്കു കൂടി നിയമിക്കുന്നതിനും സുന്നഹദോസ് നിശ്ചയിച്ചു.

(മലങ്കരസഭ മാസിക, മാർച്ച് 1980)



ഈ വർഷത്തെ അൽവാറിസ് മാർ യൂലിയോസ് അവാർഡ് ഫാ. തോമസ് ജോണിന് യാക്കോബ് മാർ ഏലിയാസ് സമ്മാനിക്കുന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് സമീപം.

Article

PROUD TO BE A TEACHER - 6



Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur & Principal, MGM College)

India is expected to be one of the youngest nations in the world in 2030 based on vision 2030. 140 million (14 crores) Indians are in the college-going age group. It is also staggering to learn that one in four graduates will be a product of the Indian higher education system (Anil Kumar Taneja, 2017). A study of this magnitude can improve our outlook, revenue, and competitive edge over other countries in the world.

Among the ancient countries, India had a rich educational tradition, an excellent educational system, and a supreme educational system. It was abundant with higher education centers spread along the entire length and breadth of Bharatvarsha. Nalanda, Takshashila, Mithila, Vallabhi, Vikramshila, Nagarjuna Vidhyapeeth, Nadia, Pushpagiri, and Telhara are a few of the great learning centers. In excavations, 15 ancient higher educational standing structures were rediscovered. The learning centers each had thousands of residents from all over the world.

"India is the cradle of the human race, the birthplace of human speech, the mother of history, the grandmother of legends, and the great grandmother of tradition. Our most valuable and most instructive materials in the history of man are treasured up in India only". These are the profound words of Mark Twain, the famous American writer, entrepreneur, publisher, and lecturer about Indian rich tradition and educational practices

(Manoshi Sinha.https://www.myindiamyglory.com/2019/02/1415-ancient universities of India from 3600 plus years ago retrieved on 12/5/2021,10.25 am).

The great sages of ancient India transmitted the ocean of knowledge from generation to generation through shruti and smriti. As the development of education progressed, students stayed at Guru's house in groups during Vedic times, and the development culminated in big Gurukulas and later in universities.

Educators must work together to achieve this vision 2030. A significant role in this process is played by each educator.

Three thousand years ago, India had a glorious education that was holistic. There were many subjects covered in the extensive curriculum: the study of the scripture, character development, personality development, religious duties, inculcation of family and community duty, self-reliance, self-discipline, agriculture, archery, political science, geometry, etc.

Characteristics of the Ancient Indian Educational system are the inculcation of the spirit of plain living and high thinking, equality, universal brotherhood. This concept was also adopted by Gandhi as he upholds the virtue of simple living and high thinking (Shibu Varghese,2020.p.58). With its characteristics, the great Indian education was seamless. With time, we lost our originality and essence. Nonetheless, with the new NEP, we are striving to regain lost chartists and essence. We must equip all educators with the necessary qualifications and skills to train the next generation to fulfill the vision 2030.

❑



കുന്നക്കുരുടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ (അങ്കമാലി ഭദ്രാസനം) പ്രവർത്തിക്കുന്ന മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ഫൗണ്ടേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി, പരിശുദ്ധ കാതോലിക്കാ ബാവയുടെ സ്മരണാർത്ഥം നിർമ്മിച്ചു നൽകുന്ന ബസേലിയോസ് ഭവൻ പദ്ധതിയുടെ രണ്ടാമത്തെ ഭവനത്തിന്റെ കട്ടിള വെപ്പ് കർമ്മം സഹവികാരിമാർ ഫാ. റിജോ മാത്യു, ഫാ. സ്റ്റാലിൻ അലക്സ് എന്നിവർ ചേർന്ന് നിർവഹിച്ചു.

ഓൺലൈൻ സുറിയാനി ഭാഷാ പഠനം


കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക സംഗീത വിഭാഗമായ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് സഭാംഗങ്ങൾക്കായി സുറിയാനി ഭാഷാ പരിശീലനം നൽകുന്നു. ശ്രുതി ഡയറക്ടർ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലിത്തായുടെ നേതൃത്വത്തിലും അസ്സി. ഡയറക്ടർ ഫാ. ഡോ. മാത്യൂ വർഗ്ഗീസ്, കോഴ്സ് കോ-ഓർഡിനേറ്റർ ഫാ. ജോബിൻ മാമ്മൻ, ഫാ. മാത്യു കോശി എന്നിവരുടെ ചുമതലയിലാണ് കോഴ്സ് നടത്തുന്നത്. രണ്ട് മാസമാണ് കോഴ്സിന്റെ കാലാവധി.

ആഴ്ചയിൽ ഓൺലൈനായി രണ്ട് മണിക്കൂർ വീതമുള്ള എട്ട് ക്ലാസ്സുകളാണ് ഈ കോഴ്സിൽ ഉള്ളത്. വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് ശ്രുതി സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഒക്ടോബർ രണ്ടാം വാരം ക്ലാസ്സുകൾ ആരംഭിക്കും. 18-നും 60-നും ഇടയിൽ പ്രായമുള്ള വ്യക്തികൾക്ക് അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ സെപ്റ്റംബർ 30നു മുമ്പായി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനുമായി www.srutimusic.org എന്ന സൈറ്റ് സന്ദർശിക്കുക.

വചനതീർത്ഥം

ദുരുപദേശത്തെ സൂക്ഷിച്ചുകൊൾക

(സ്ലീബാപെരുന്നാളിനുശേഷം രണ്ടാം ഞായർ
വി. മത്തായി 16:5–12)



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

വിമർശിക്കുകയും വിമർശിക്കപ്പെടുകയും ചെയ്യുക എന്നത് സഹജവും ക്രിസ്തീയവുമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ഇവ രണ്ടും സമ്മിശ്രങ്ങളായി നിറഞ്ഞു നിന്നിരുന്നു. യേശുക്രിസ്തുവിന്റെ വിമർശനങ്ങൾ ക്രിയാത്മകവും ഗുണപരവും ആയിരുന്നെങ്കിൽ യേശുവിന് നേരിടേണ്ടിവന്ന വിമർശനങ്ങൾ അയഥാർത്ഥവും വിനാശകരമായതും ആയിരുന്നു.

യേശുവിന്റെ വിമർശനങ്ങൾ, നിലനിന്ന തെറ്റായ സംസ്കാരത്തോടും അധികാര സ്ഥാനികളോടും ആയിരുന്നു. പരീശന്മാരുടെയും സാദൂക്യരുടെയും ജീവിതരീതികളെയും നിലപാടുകളെയും നിശിതമായി വിമർശിക്കുന്ന ക്രിസ്തുവിനെ വി. സുവിശേഷഭാഗങ്ങളിൽ നിറയെ കാണാം. പരീശന്മാരുടെയും സാദൂക്യരുടെയും ദുരുപദേശത്തിനെതിരെയുള്ള മുന്നറിയപ്പാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് വായിക്കുന്നത്. വി. മത്തായി 16:5–12.

പരീശന്മാരും സാദൂക്യരും

ഒന്നാം നൂറ്റാണ്ടിലും അതിനുശേഷവും പ്രബലമായിരുന്ന ഒരു യഹൂദ ജനവിഭാഗമാണു പരീശർ. മതതീഷ്ണത വളരെ കൂടുതലായിരുന്നവർ. യഹൂദ ന്യായപ്രമാണത്തിന്റെയും വിശ്വാസത്തിന്റെയും കാവൽഭടന്മാർ പുറമെ മാത്രം ഭക്തി പ്രകടിപ്പിക്കുന്നവർ. യഹൂദമതത്തിന്റെ യാഥാസ്ഥിതികത്വവും തീഷ്ണതയും നിലനിർത്തിയവർ. ഇവരുടെ നിഷ്ക്കർഷമായ നിയമാനുസാരിത്വം പലപ്പോഴും പൊള്ളയായ ഔപചാരികത്വത്തിലേക്ക് വഴിനടത്തി. മതത്തിന്റെ അന്തഃസത്തയായ സ്നേഹം, സഹതാപം തുടങ്ങിയ സദ്ഗുണങ്ങൾ അവഗണിച്ചു. അവരുടെ ഉപരിപ്ലവമായ പരസ്യഭക്തിയും, കാപട്യവും, സഹതാപമില്ലായ്മയും തികച്ചും അപലപനീയമായിത്തീർന്നു.

സാദൂക്യർ, പരീശന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ന്യൂനപക്ഷം മാത്രം. മതപരമായി യാഥാസ്ഥിതികർ. എഴുതപ്പെട്ട ന്യായപ്രമാണമല്ലാതെ പാരമ്പര്യ പ്രകാരമുള്ള നിയമങ്ങളെ ഇവർ നിഷേധിച്ചു. ആത്മാക്കളും മാലാഖമാരും ഉണ്ടെന്നു വിശ്വസിച്ചില്ല. പുനരുത്ഥാനവും ഇവർനിഷേധിച്ചു.

പുളിച്ച മാവ്, രൂപകമാണ്

രണ്ടു വ്യത്യസ്ത വസ്തുക്കളുടെ സമാനത, എടുത്തുകാട്ടാൻ, അവ രണ്ടും ഒന്നാണെന്നു പറയുന്ന ഒരു അലങ്കാര പ്രയോഗമാണ് രൂപകം. പുളിച്ചമാവ് ഒരു രൂപകമായിട്ടാണ് യേശു ഇവിടെ ഉപയോഗിക്കുന്നത്. 'പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ് സൂക്ഷിച്ചുകൊൾവീൻ' (വാ. 6).

വി. വേദപുസ്തകത്തിൽ പുളിച്ചമാവ്, രണ്ടു ഫലങ്ങൾ നൽകുന്ന രൂപകങ്ങളായി ഉപയോഗിച്ചിട്ടുണ്ട്. ഒന്ന്, അനുഗ്രഹത്തിനും ഗുണപരമായ മാറ്റത്തിനും പ്രയോജനകരമായ പുളിച്ചമാവ്. വി. മത്തായി 13:33 'സ്വർഗ്ഗഗാജ്യം പുളിച്ച മാവിനോട് സദൃശ്യം.' വി. ലൂക്കോസ് 13:20,21 "പുളിച്ച മാവ് ഒരു സ്ത്രീ എടുത്തു മൂന്നു പറ മാവിൽ ചേർത്ത് എല്ലാം പുളിച്ചുവരുവോളം അടക്കിവച്ചു."

രണ്ട്, പാപത്തിന്റെയും വഷളത്തത്തിന്റെയും അനുകരിക്കുവാൻ സാധിക്കാത്തതിന്റെയും പ്രതീകമായി പുളിച്ചമാവിനെ വിശദീകരിക്കുന്നു. 'പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശത്തെ പുളിച്ചമാവിനോട് കർത്താവ് ഉപമിച്ചു സംസാരിക്കുന്നു.

കാപട്യവും തിന്മയും ഉള്ള ജനതയുടെ വാക്കുകളും ഉപദേശങ്ങളും സൂക്ഷിക്കണം. പരീശന്മാരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് എന്നും അവർ പറയുന്നതല്ലാതെ പ്രവർത്തിക്കുന്നില്ല എന്നും ശിഷ്യന്മാരോട് കർത്താവ് പറയുന്നുണ്ട് (വി. മത്തായി 23:2,3). വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യമാണ് ഇവിടെ വെളിപ്പെടുത്തുന്നത്.

ക്രിസ്ത്യാനിയാണെന്നും ഓർത്തഡോക്സുകാരനാണെന്നും വാചകമടിക്കുവാനും അഭിമാനിക്കുവാനും നമുക്ക് വകയുണ്ട്. പ്രവൃത്തിയിൽ ക്രിസ്ത്യാനിയായും ഓർത്തഡോക്സുകാരനായും നിലനിൽക്കുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. വാചകമടി മാത്രമാണെങ്കിൽ, പ്രവർത്തികൾ ഇല്ലെങ്കിൽ, പുളിച്ചമാവായി നമ്മുടെ വാക്കും ഉപദേശവും കണക്കാക്കേണ്ടി വരും.

അറിവില്ലായ്മയും അല്പവിശ്വാസവും

യേശുവിന്റെ കൂടെ നടക്കുകയും ജീവിക്കുകയും ചെയ്തവരായ ശിഷ്യന്മാരുടെ അല്പവിശ്വാസത്തെയും യേശുവിനെ വേണ്ടവിധം അറിയാതിരിക്കുന്നതിന്റെയും സാമാന്യ യുക്തിയെ യേശുക്രിസ്തു ഇവിടെ ഉദാഹരണസഹിതം വിമർശിക്കുന്നു. (വാ. 7–11). പുളിച്ചമാവ് സൂക്ഷിച്ചുകൊൾവീൻ എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞപ്പോൾ, തങ്ങൾ അപ്പം എടുക്കുവാൻ മറന്നുപോയതുകൊണ്ടാണ് യേശു അങ്ങനെ പറഞ്ഞത് എന്നു വിചാരിച്ചു.

യേശു, അവരുടെ അല്പവിശ്വാസത്തേയും തന്നെക്കുറിച്ച് ശരിയായി മനസ്സിലാക്കുവാൻ ശിഷ്യന്മാർ ശ്രമിക്കാതിരിക്കുന്നതിന്റെയും വിഷമം യേശു വെളിപ്പെടുത്തി. അയ്യായിരം പേർക്ക് അഞ്ച് അപ്പം കൊടുത്തും നാലായിരം പേർക്ക് ഏഴ് അപ്പം കൊടുത്തും എത്ര കൊട്ട എടുത്തു എന്ന് യേശു, ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നു.

യേശുവിനെ അറിയാതിരിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും വലിയ കുറ്റമാണ്. കൂടെ നടക്കുകയും ജീവിക്കുകയും നിരവധി അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടും ഒന്നും പഠിക്കാതിരിക്കുകയും ചെയ്യുന്നതിനെ, യേശു വളരെ വിഷമത്തോടെയാണ് കാണുന്നത്. ശിഷ്യന്മാരുടെ അറിവില്ലായ്മയെ വിമർശിക്കുന്ന ക്രിസ്തുവിനെ പല ഭാഗത്തും കാണാം (വി. മത്തായി 15:16, വി. ലൂക്കോസ് 18:34, 24:25, വി. യോഹന്നാൻ 14:9). അല്പവിശ്വാസത്തിനെതിരേ യേശുക്രിസ്തു സംസാരിക്കുന്നത് (വി. മത്തായി 6:30, 8:26, 14:31, 16:8)

ജീവിതത്തിൽ സന്തോഷവും ദുഃഖവും സമ്മിശ്രമായി, ധാരാളം അനുഭവങ്ങൾ നമുക്ക് ഉണ്ടാകാറുണ്ട്. അവിടെയെല്ലാം ദൈവത്തിന്റെ അളവറ്റ കൃപയും വാത്സല്യവും നാം അനുഭവിച്ചിട്ടുണ്ട്. എങ്കിലും പുതിയ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ, തളർന്നും നിരാശയിൽപ്പെട്ടു. പോകുന്നവർ ഇന്ന് ധാരാളമുണ്ട്. ദൈവത്തെ അടുത്ത് അറിഞ്ഞിട്ടുള്ളവർ, എല്ലാ അനുഭവങ്ങളിലും അറിവില്ലായ്മയും അല്പവിശ്വാസവും വിട്ട്, നിറഞ്ഞ അറിവിലും തികഞ്ഞ വിശ്വാസത്തിലും യേശുവിന്റെ കൂടെ നടക്കുവാനും ജീവിക്കുവാനും ശ്രമിക്കണം.

ദൈവത്തിന്റെ കൂടെ നടക്കുകയും അവന്റെ സാമീപ്യം അനുഭവിക്കുകയും ചെയ്തവർ, ദൈവത്തെ പൂർണ്ണമായി ഗ്രഹിക്കുന്നതായി വി. വേദപുസ്തകത്തിൽ അനുഭവങ്ങൾ ഉണ്ട്. ദൈവത്തിന്റെ പ്രവാചകന്മാരെ തിരിച്ചറിയുന്നതും കാണാം. 2 രാജാക്കന്മാർ 4:9 ശൂനേംകാരി പറയുന്നു 'നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായൊരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു.' ശമര്യസ്ത്രീ യേശുവിനോടു പറയുന്നു (വി. യോഹന്നാൻ 4:19) യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു.'


യേശുവിന്റെ കൂടെ നടക്കുവാൻ നമുക്ക് ശ്രമിക്കാം. യേശുവിനെക്കുറിച്ചുള്ള യഥാർത്ഥ അറിവും വിശ്വാസവും ഉണ്ടാകട്ടെ. ❑

The cautious seldom err

2nd Sunday after Feast of Holy Cross

Fr. Dr. Joshi Varghese, Bhilai

(Diocesan Education Officer & PRO, Calcutta Diocese)



Evening- St. Matthew 14: 34 – 36, 15: 1 – 11: Morning- St. Matthew 15: 12-20: Before Holy Qurbana- Genesis 42: 9- 17, 1 Kings 3:5-9; Wisdom 6:1-9; Isaiah 48 : 12 – 16: Holy Qurbana- Acts 5:17 –32; I Corinthians 2: 14- 3:9

St. Matthew 16: 5 -12

The Pharisees and Sadducees were against each other due to their differences in belief. However they unite against Jesus and try to trap Him with their questions. Just after the feeding of the five thousand, Pharisees and Sadducees had come together to Jesus, seeking signs from Him. Jesus silenced them with His words and then warned His listeners against the wrong beliefs of both the sects.

a. Negativity is contagious

"Watch out, and beware of the yeast of the Pharisees and Sadducees." (Mt 16:5)

Jesus strongly cautioned people about the aberrations in true faith and its consequences. Apart from the disciples and the crowd who followed Jesus, Pharisees and Sadducees always used to keep a watch on Him to entrap Him (Mt 22:15). As they understood that it's not possible to turn the people against Jesus, they tried 'to trap Him in what He said' through tricky questions like "*Is it lawful to pay taxes to the emperor, or not*?" (Mk 12:14), the answer of either Yes or No, both could have landed Jesus in trouble. The aim was to create confusion among the people using apparently small and harmless propositions or questions. Be it various cultic groups and heresies, most of them have started from seemingly small ripples, which might grow into devastating waves. It is similar to the functioning of yeast, a tinge of which can leaven the whole dough.

The aim of the Pharisees and Sadducees was to discredit Jesus. They wanted to create doubt in the minds of people who followed Jesus by spreading negative views about Him. There are many such 'yeasts' around us; some of them might be visible and some invisible. A negative word or action of a single person can break a successful team or a big organisation. There are people who always try to find fault with others and their ideas or kill an idea with their pessimistic attitude. Woe to the one who has such a colleague! It's truly said "Watch out for the joy-stealers: gossip, criticism, complaining, fault finding, and a negative, judgmental attitude." If you are not consciously guarding yourself against such negativity, it might take you down. Hence always be on your guard and spread the light of hope and positivity that stems out from your belief in God.

b. Faith is an oasis in the heart

"You of little faith, why are you talking about having no bread?" (Mt 16:8)

While Jesus was talking about faith matters using the parable of yeast, the apostles thought He was taunting them of their negligence to take the leftover bread after the feeding of the five thousand. They couldn't understand His Words due to their faith-problem. Faith in God is the basis of Christianity. Without a deep faith one would be only a name-sake Christian. God doesn't want to force one to have faith in Him; rather He has given us the freedom to have Faith in Him. Our response to the Grace of God should come out of Faith as well as it shall regenerate our Faith. Even the miracles or signs performed by Jesus were based on the faith of the person who was suffering (Mk 5:34) or the faith of his/ her intercessor (Lk 7:2-10). St. Matthew underscores this while stating why Jesus didn't do many miracles in His hometown Nazareth; *And he did not do many deeds of power there, because of their unbelief* (Mt 13:58). After the transfiguration, Jesus cured a boy, who was previously brought to the Apostles for healing and they couldn't heal him. Jesus succinctly stated the reason why the disciples couldn't; "because of your little faith" (Mt 17:20).

Faith is a prerequisite not only for Miracles, but also to understand the Word. Jesus admonished Cleopas and his companion on the road to Emmaus "*Oh, how foolish you are, and how slow of heart to believe all that the prophets have declared*" (Lk 24:25). In order to

to understand the Word, one should have Faith. And for one without Faith, the Holy Bible might appear as just another book of human imagination. Faith and the Word of God are interrelated. The Word of God would enrich the Faith as well as the Faith would help one to believe and live the Word- *So faith comes from what is heard, and what is heard comes through the word of Christ* (Rom 10:17). True Faith can't be limited to having the knowledge of what to believe but living the way of Faith.

c. Spiritual Amnesia

"Do you not remember the five loaves for the five thousand, and how many baskets you gathered?" (Mt 16:9)

Most of us generally pray earnestly to get our needs fulfilled. But often we tend to forget about Grace once we receive it. It is very common that before the exams students approach priests, elders, Sunday school teachers etc. with requests for prayers. But very few turn up after the results to inform them about their success. We request others to pray for us when we are sick or in trouble, but how many of us express our gratitude to those who prayed? We should imitate the leper who returned to Jesus to share his gratitude and joy for his healing and not be like the other nine lepers who did not turn back (Lk 17:11-19).

There are umpteen things that we need to be grateful for; starting with every breath we take, the health we enjoy, the lovely relationships we have, the beautiful nature we live in etc. We forget, as if we had been affected with amnesia, the benevolence of God. King David reminds himself, *Bless the Lord, O my soul, and do not forget all his benefits* (Ps 103:2). But we either get busy in enjoying what we have or we whine about what we don't have instead of being grateful for what we have been blessed with. Let us remember that "A life of gratitude leaves no room for complaining"

Conclusion

The Gospel cautions us to be watchful about even the slightest sin or negativity as it can spread and affect the whole group. It also encourages us to be strong in our Faith and reflect it through our life. Let's be grateful to God for His mercies and join the Psalmist and sing *I will give thanks to the Lord with my whole heart; I will tell of all your wonderful deeds* (Ps 9:1). ❑




ഫാ. റിഞ്ചു പി. കോശിയുടെ അഞ്ചാമത്തെ പുസ്തകമായ ക്രിസ്തു സൂക്ത ദർശനം ഡോ. ജോഷ്വാ മാർ നിക്കോദിമോസും ഡോ. സഖറിയാസ് മാർ അപ്രേമും മലങ്കരസഭ വൈദീക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോണും ഭദ്രാസന സെക്രട്ടറി ഫാ. രാജൻ മാത്യുവും ചേർന്ന് പ്രകാശനം ചെയ്തു.

അസോസിയേഷൻ സ്റ്റേ ചെയ്യണമെന്ന ആവശ്യം തള്ളി

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സ്റ്റേ ചെയ്യണമെന്ന ആവശ്യവുമായി വിഘടിത വിഭാഗത്തിലെ അൽമായ ഫോറം പ്രവർത്തകർ അഡ്വ. സാബു തൊഴുപ്പാടൻ മുഖേന നൽകിയ ഹർജികൾ സെപ്റ്റംബർ 24-നു കോട്ടയം മുൻസിഫ് കോടതി പരിഗണിച്ചു. കക്ഷികളുടെ ആവശ്യം ഇപ്പോൾ അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്നു കോടതി വ്യക്തമാക്കി. കേസിൽ വിശദമായ വാദം കേൾക്കുവാൻ ഒക്ടോബർ ഒന്നിലേക്ക് പോസ്റ്റ് ചെയ്തു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭക്ക് വേണ്ടി അഡ്വ. എം. സി. സ്കറിയ ഹാജരായി.

പുസ്തകം



ക്രിസ്തു സൂക്ത ദർശനം

ഫാ. റിഞ്ചു പി. കോശി


പ്രസാധകർ:
ക്രിസ്ത്യൻ വിസ്ഡം പബ്ലിക്കേഷൻസ്
അടൂർ

വില: 300 രൂപ

അഞ്ചാം റാങ്കോടെ സെലക്ഷൻ നേടി



ഇന്ത്യ ഗവൺമെൻറിന്റെ എൻ.സി. ഇ.ആർ.ടി യുടെ പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടായ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ അഞ്ചാം റാങ്കോടെ എസ്ലിൻ സജി സെലെക്ഷൻ നേടി. മലബാർ ഭദ്രാസനത്തിലെ പുളിയക്കോട് സെന്റ് ജോർജ് പള്ളി ഇടവകാംഗമാണ്. അഖിലേന്ത്യാ തലത്തിൽ ആകെ ഉള്ള 18 സീറ്റുകളിലേക്കാണ് അഞ്ചാം റാങ്കോടെ സെലക്ഷൻ നേടിയത്.



ഫാ. അലക്സാണ്ടർ ജെ. കുര്യൻ മലങ്കര അസ്സോസിയേഷൻ വരണാധികാരി

ദേവലോകം: യുഎസ് ഗവൺമെന്റിൽ സുപ്രധാന പദവിയിൽ ജോലി ചെയ്യുന്ന ഫാ. അലക്സാണ്ടർ കുര്യനെ മലങ്കര അസ്സോസിയേഷൻ വരണാധികാരിയായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിയോഗിച്ചു. ആലപ്പുഴ പള്ളിപ്പാട് സ്വദേശിയാണ്.



തലമുറ സംഗമം

ദുബായ്: ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ദുബായ് യുവജനപ്രസ്ഥാനത്തിന്റെ 1971 മുതൽ ഉള്ള മുൻകാല പ്രവർത്തകരുമായുള്ള തലമുറ സംഗമം 'സ്നേഹാദരവ്' എന്ന പേരിൽ സംഘടിപ്പിച്ചു.

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക വികാരി റവ. ഫാ. ബിനീഷ് ബാബുവിന്റെ അധ്യക്ഷതയിൽ കൂടിയ തലമുറ സംഗമത്തിൽ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ്, സാം. ഗാബിയേൽ കോർ എപ്പിസ്ക്കോപ്പ എന്നിവർ മുഖ്യസന്ദേശം നൽകി. 1971 മുതൽ നാളിതുവരെ വിവിധ കാലയളവിൽ ദുബായ് യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പ്രവർത്തകരുടെ പ്രതിനിധി ആയി പള്ളിയിൽ നിലവിൽ ഉള്ള സീനിയർ അംഗമായ ടി സി ജോർജിനെ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു.

ഇടവക സഹവികാരി ഫാ. സിബു തോമസ്, പി. എം. മാത്യു കോർ എപ്പിസ്കോപ്പ, സീനിയർ അംഗങ്ങളായ പി .കെ ചാക്കോ, ജോസ് ജോൺ ഇടവക ട്രസ്റ്റി, ഇടവക സെക്രട്ടറി, ദുബായ് യുവജന പ്രസ്ഥാനം ഭാരവാഹികൾ, ജൂബിലി ഭാരവാഹികൾ, യുവജന പ്രസ്ഥാന അംഗങ്ങൾ എന്നിവർ തലമുറ സംഗമത്തിൽ പങ്കു ചേർന്നു.